# ദി ഡിഫെൻഡർ

Vol. No. 10 Issue No. 9 | RNI Reg. No. 68089 / 97 | Published From Perumbavoor | 2007 MAY 1 | Price: Rs.100/- P.A.

## ഡോ.ജോർജ് കോവൂർ യുവാവിനെ കൊല്ലാൻ ശ്രമിച്ചു?

പ്രസിദ്ധ ന്യൂറോ സർജനും അറിയപ്പെടുന്ന സുവിശേഷകനും സിസ്റ്റർ മേരി കോവൂരിന്റെ മകനുമായ ഡോ.ജോർജ് കോവൂരിനെതിരെ വധശ്രമത്തിന് കേസ്സ് ഉത്ഭവിച്ചിരിക്കുന്നു. തൃശൂർ ജില്ലക്കാരനായ പാസ്റ്റർ മാണിയാണ് കോവൂരിനെതിരെ ഐ.പി.സി 307-ാം വകുപ്പനുസരിച്ച് കേസ്സ് കൊടുത്തിരിക്കുന്നത്. തന്റെ മകനും കോവൂരിന്റെ ആശുപത്രിയിലെ ജീവനക്കാരനുമായ പോൾസണെ വിഷം കുത്തിവെച്ച് കൊല്ലാൻ ശ്രമിച്ചു എന്നാണ് പാസ്റ്റർ മാണി ആരോപിക്കുന്നത്.



ഡോ.ജോർജ് കോവൂർ



പോൾസൺ



പാസ്റ്റർ മാണി

പാസ്റ്റർ മാണി പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

2006 ജൂൺ 21-ാം തീയതി വൈകിട്ട് പോൾസൺ കോവൂരിന്റെ ആശുപത്രിയിലെ കൗണ്ടറിൽ ജോലി നോക്കുമ്പോൾ ഡോക്ടറെ അത്യാവശ്യമായി വിളിക്കണം എന്ന് ആവശ്യപ്പെട്ട് ഒരു ഫോൺ വന്നു. പോൾസൺ ആ കോൾ ഡോക്ടറുടെ റൂമിലേക്ക് കണക്ട് ചെയ്തെങ്കിലും ആരും ഫോൺ എടുത്തില്ല. അതുകൊണ്ട് പോൾസൺ ഡോക്ടറെ നേരിൽ കണ്ട് വിവരം അറിയിക്കാനായി ഡോക്ടറുടെ മുറിയിലേക്ക് പോയി. അടഞ്ഞുകിടന്ന മുറി തള്ളിത്തുറന്ന് അകത്തുകടന്ന പോൾസൺ കണ്ടത് ഡോക്ടർ കോവൂരും നെഴ്സായ ജോളിയും തമ്മിലുള്ള അവിഹിതബന്ധമാണ്. ഒന്നും മിണ്ടാതെ പോൾസൺ തിരികെ പോന്നു. അല്പം കഴിഞ്ഞ് ജോളി ആശുപത്രിയിൽ നിന്നും പുറത്തേക്ക് പോകുകയും ചെയ്തു.

കുറച്ചുസമയത്തിനു ശേഷം ഡോക്ടർ കോവൂർ പോൾസന്റെ സമീപമെത്തി കുശലം അന്വേഷിച്ചു. അതിനിടയിൽ തന്ത്രപൂർവ്വം പോൾസന്റെ വായ് ഒരു കൈകൊണ്ട് അടച്ചുപിടിക്കുകയും മറുകൈകൊണ്ട് പോൾസന്റെ കൈയ്യിൽ എന്തോ മരുന്ന് കുത്തിവെയ്ക്കുകയും ചെയ്തു. അതോടെ പോൾസൺ മയങ്ങിവീണു.

പോൾസണ് ഫിറ്റ്സ് ഉണ്ടായെന്നും ഉടൻ എത്തണമെന്നും അറിയിപ്പ് ലഭിച്ചതനുസരിച്ച് പാസ്റ്റർ മാണി ആശുപത്രിയിലെത്തി. മരിച്ചവനേപ്പോലെ കിടക്കുന്ന മകനെയാണ് പാസ്റ്റർ കണ്ടത്. പോൾസൺ എന്തോ മരുന്ന് കുത്തിവെച്ച് ആത്മഹത്യക്ക് ശ്രമിച്ചു എന്നാണ് ഡോ. കോവൂർ നൽകിയ വിശദീകരണം. പോൾസണെ ഉടൻ തന്നെ പാസ്റ്റർ മറ്റൊരു ആശുപത്രിയിലേക്ക് മാറ്റി. ഏറെ നാളത്തെ ചികിത്സയ്ക്ക് ശേഷം പോൾസണ് സംസാരിക്കാനുള്ള ശക്തി ലഭിച്ചു. അപ്പോഴാണ് യഥാർത്ഥ സംഭവം പാസ്റ്റർ മാണി അറിഞ്ഞത്.

ഡോ.കോവൂരിനെതിരെ പാസ്റ്റർ മാണി പോലീസിൽ പരാതി കൊടുത്തെങ്കിലും ഡോക്ടറുടെ സ്വാധീനം നിമിത്തം കേസ്സ് എങ്ങുമെത്തിയില്ല. പക്ഷേ പാസ്റ്റർ മാണി വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. പോലീസിന്റെ അനാസ്ഥയിൽ പ്രതിഷേധിച്ച് പാസ്റ്റർ മാണിയും ഭാര്യ സൂസണും ചേർന്ന് തൃശൂർ നഗരത്തിൽ പ്രകടനം നടത്തിയതോടെ കേസ്സ് വീണ്ടും ചൂടുപിടിച്ചു. എങ്കിലും പണവും സ്വാധീനമുമുള്ള ഡോ. ജോർജ് കോവൂരിനോട് പൊരുതി ജയിക്കാൻ അത്താഴപ്പട്ടിണിക്കാരനായ പാസ്റ്റർ മാണിക്ക് കഴിയുമോ എന്ന് സംശയമാണ്.

ഈ നെഴ്സുമായി ഡോ. ജോർജ് കോവൂർ അവിഹിതബന്ധം തുടങ്ങിയിട്ട് വർഷങ്ങളായി. ജോളിയുടെ പത്ത് വയസ്സുള്ള കുട്ടിയുടെ പിതാവ് ഡോക്ടർ ജോർജ് കോവൂരാണ് എന്നത്രേ പൊതുജനം പറയുന്നത്. ഏതാനും വർഷം മുൻപ് ഈ നെഴ്സുമായി ഡോക്ടർ കോവൂർ തൃശൂർ സെന്റ് തോമസ് കോളേജിന്റെ മുൻപിൽ ഒരു കാറിൽ വെച്ച് നടത്തിയ അവിഹിത ബന്ധം നാട്ടുകാർ പിടികൂടുകയും മാതൃഭൂമിയിൽ വാർത്ത വരുകയും ചെയ്തതാണ്. (ഈ വാർത്ത ഡിഫെൻഡർ പ്രസിദ്ധീകരിച്ചിരുന്നു). എന്നിട്ടും ഈ നെഴ്സുമായുള്ള ബന്ധം കോവൂർ വിട്ടില്ല. കൂടാതെ, ഈ നെഴ്സുമായി ഡോ.കോവൂർ ഏറെക്കുറെ പരസ്യമായിത്തന്നെ അവിഹിതബന്ധം തുടർന്നു വരികയും ചെയ്യുകയായിരുന്നു.

നടുറോഡിൽ വെച്ച് പരസ്യമായി പിടിക്കപ്പെട്ടിട്ടും ഡോക്ടറെ പ്രസംഗത്തിന് വിളിക്കാൻ പലരും തയ്യാറായി. ഈ കൺവെൻഷൻ സീസണിലും ഡോ.കോവൂരിന് നിരവധി സ്റ്റേജുകൾ ലഭിച്ചു. എത്ര ഗുരുതരമായ പാപത്തിൽ ജീവിക്കുന്നവർക്കും ദൈവദാസൻമാരുടെ വേഷത്തിൽ വിലസാൻ പെന്തക്കോസ്തിൽ സാധിക്കും. പെന്തക്കോസ്ത് പ്രസ്ഥാനം അത്ര അധഃപതിച്ചിരിക്കുന്നു. (ടി.പി.നന്ദകുമാർ പ്രസിദ്ധീകരിക്കുന്ന ക്രൈം ദ്വൈവാരികയുടെ 2007 ഏപ്രിൽ 1-15 ലക്കത്തിൽ ഈ വാർത്ത വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്).

## കുവൈറ്റ് ശാരോനിൽ പ്രശ്നം രൂക്ഷം

കുവൈറ്റ് ശാരോനിൽ രൂക്ഷമായ ഭിന്നത ഉടലെടുത്തിട്ടുള്ളതായി ഗൾഫിൽ നിന്നുള്ള റിപ്പോർട്ട് വ്യക്തമാക്കുന്നു. ശാരോൻ പ്രസിഡന്റായ ടി.ജി.കോശിയും അദ്ദേഹത്തിന്റെ പാദ ദാസനും കുവൈറ്റ് ശാരോനിലെ പാസ്റ്ററുമായ മനോജ് തോമസുമാണ് പ്രശ്നങ്ങൾക്ക് കാരണം.

ടി.ജികോശിയുടെ അഹങ്കാരം കുപ്രസിദ്ധമാണ്. ടി.ജി. കോശിയുടെ പിൻതുണയുള്ളതുകൊണ്ട് എന്തും ചെയ്യാം എന്ന ധിക്കാരമാണ് പാസ്റ്റർ മനോജ് തോമസിനുള്ളത്. വിശ്വാസികളുടെ വാക്കിന് ഒരു വിലയും കല്പിക്കാതെ മനോജ് തോമസ് തനിക്ക് തോന്നിയതുപോലെ സഭാഭരണം നടത്തുകയാണ്. ഇതിന്റെ ഫലമായി മുപ്പതോളം വിശ്വാസികൾ ഇപ്പോൾ സഭ വിട്ടുപോയിക്കഴിഞ്ഞു. എന്നിട്ടും സഭാനേതൃത്വം കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയിട്ടുമില്ല.

മണക്കാല സെമിനാരിയുടെ എക്സ്റ്റൻഷൻ പ്രോഗ്രാമിൽ വിദ്യാർത്ഥികളായ ചിലരും ശാരോൻ വിട്ടവരിലുണ്ട്. ഇവരെ ഒരു കാരണവും പറയാതെ ക്ലാസ്സിൽ നിന്നും പുറത്താക്കിക്കഴിഞ്ഞു. ശാരോനിലെ അംഗങ്ങൾ മാത്രമല്ല ഈ കോഴ്സിൽ പഠനം നടത്തുന്നത്. ദൈവവചനം പഠിക്കാൻ ആഗ്രഹിക്കുന്ന ആർക്കും പഠനം നടത്താവുന്നതാണ്. പക്ഷേ ശാരോൻ പ്രസ്ഥാനം വിട്ടതിന്റെ വൈരാഗ്യം തീർക്കാൻ ഈ വിദ്യാർത്ഥികളെ ക്ലാസ്സിൽ നിന്നും പുറത്താക്കിയിരിക്കയാണ്. ഇവരിൽ നിന്ന് വാങ്ങിയ ഫീസ് മടക്കി കൊടുക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ടി.ജി.കോശിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ആ വാഗ്ദാനവും ലംഘിക്കപ്പെട്ടിരിക്കുന്നു. വരും ദിവസങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാകുമെന്നാണ് സൂചന.

## സെന്റർ വിഭജനം നടുറോഡിൽ

തൃശൂർ ജില്ലയിലെ ഐ.പി.സി സെന്ററുകൾ നടുറോഡിൽ വെച്ച് പുനഃസംഘടിപ്പിക്കാനുള്ള ശ്രമം നാട്ടുകാരുടെ ഇടപെടൽ മൂലം അലസിപ്പിരിഞ്ഞു. നെല്ലിക്കുന്നം ഐ.പി.സി ഹാളിന് മുൻപിലാണ് ഈ കോലാഹലം നടന്നത്.

ഐ.പി.സിയിലെ സെന്ററുകൾ എല്ലാക്കാലത്തും ഒരു പ്രഹേളികയാണ്. കുമ്പനാട് സെന്ററിന് ഹൈദ്രാബാദിൽ സഭ, ഇണ്ടൻതുരുത്തി സെന്ററിന് ലണ്ടനിൽ സഭ, ഇങ്ങനെയാണ് കഥ. ഐ.പി.സി നോർത്തേൺ റീജിയന് കേരളത്തിൽ സഭകളുണ്ട്. ഇങ്ങനെ ആർക്കും ഒരു എത്തും പിടിയും കിട്ടാത്ത സാധനമാണ് ഐ.പി.സി. ഈ സ്ഥിതിക്ക് ഒരു മാറ്റം ഉണ്ടാകണമെന്ന് ആരും ആഗ്രഹിച്ചുപോകും. സെന്ററുകളെ ഭൂമിശാസ്ത്രപരമായി പുനഃക്രമീകരിക്കാനുള്ള തീരുമാനം ഉണ്ടായത് അങ്ങനെയാണ്.

തീരുമാനം വളരെ നല്ലതാണെങ്കിലും സെന്റർ പാസ്റ്റർമാരായ നാട്ടുരാജാക്കൻമാർ ഒന്നിനും വഴങ്ങില്ല. അതുകൊണ്ട് സെന്റർ പുനഃസംഘടന ഏട്ടിലെ പശുവായി അവശേഷിക്കുകയാണ്.

തൃശൂർ ജില്ലയിലെ സ്ഥിതി പരമ ദയനീയമാണ്. പ്രധാനമായി അഞ്ചു സെന്ററുകളാണ് ഇവിടെയുള്ളത്. ഭൂമിശാസ്ത്രവും ചരിത്രവും മറ്റും ഇവർക്ക് ബാധകമല്ല. സെന്ററുകൾ തമ്മിൽ അടിപിടിയും കേസ്സും മറ്റും സ്ഥിരം പരിപാടിയുമാണ്. ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ളവർ കേസ്സുകളിൽ പ്രതികളുമാണ്. എങ്ങനെയെങ്കിലും ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻ പുനഃസംഘടനക്കാർ തീരുമാനിച്ചു. നെല്ലിക്കുന്നം സഭാഹാളിൽ വെച്ച് പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാമെന്ന് തീരുമാനിക്കയും ചെയ്തു. പക്ഷേ പ്രതീക്ഷിച്ചതുപോലെയല്ല സംഭവിച്ചത്.

ആല്പാറയിലെ ഒരു വിശ്വാസി ടി.എസ്.ഏബ്രഹാം, കെ.എം.ജോസഫ് എന്നിവരെ പ്രതികളാക്കി ഫയൽ ചെയ്തിരിക്കുന്ന മാനനഷ്ടക്കേസ്സിൽ പ്രതികൾക്കെതിരെ അറസ്റ്റ് വാറന്റ് നിലവിലുണ്ട്. ഈ കേസ്സ് പിൻവലിക്കാതെ തൃശൂർ ജില്ലയിൽ പാസ്റ്റർമാരുടെ സ്ഥലംമാറ്റം നടത്തുകയില്ല എന്ന വാശിയിലാണ് സഭാനേതൃത്വം. ഈ തീരുമാനത്തിൽ പ്രതിഷേധിച്ച് നെല്ലിക്കുന്നം വിശ്വാസികൾ സഭാഹാൾ സെന്റർ പുനഃസംഘടനയ്ക്ക് വിട്ടുകൊടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. വിഭജനക്കാർ എത്തിയപ്പോൾ സഭാഹാൾ അടഞ്ഞു കിടക്കുന്ന കാഴ്ചയാണ് കണ്ടത്. അങ്ങനെ അവർ സഭാഹാളിനു പുറത്ത്, നടുറോഡിൽ, നിന്നുകൊണ്ട് സെന്റർ പുനഃസംഘടന ആരംഭിച്ചു. ചർച്ച പുരോഗമിച്ചപ്പോൾ വാക്യമത്സരവും മറുഭാഷയും ഉണ്ടായി. കോലാഹലം കേട്ട് നാട്ടുകാർ ഓടിക്കൂടി. വിശുദ്ധൻമാരുടെ സമ്മേളനം ആദ്യമായി കണ്ട നാട്ടുകാർ നാടകം ആസ്വദിച്ചുകൊണ്ട് കുറെനേരം നിന്നു. സംഗതി കൈവെയ്പിലേക്കാണ് നീങ്ങുന്നതെന്നു കണ്ടപ്പോൾ ജനം ഇടപെട്ടു. ഏതായാലും വിശുദ്ധൻമാർ പരിക്കില്ലാതെ രക്ഷപ്പെട്ടു.

ദി ഡിഫെൻഡർ

**Vol. No.10 Issue No. 9 2007 May 1**

# ഡിഫെൻഡറും കുറെ വസ്തുതകളും

ഡിഫെൻഡറുമായി ബന്ധപ്പെട്ട് ഒട്ടേറെ തെറ്റിദ്ധാരണകളുണ്ട്. വിമർശന വിധേയരാകുന്നവർ ഡിഫെൻഡറിനെതിരെ നിരവധി വ്യാജങ്ങൾ പറഞ്ഞു പരത്താറുമുണ്ട്. ജനസ്വാധീനമുള്ള ഇത്തരം നേതാക്കൻമാർ പ്രചരിപ്പിക്കുന്ന വ്യാജങ്ങൾ കേട്ട് സാധാരണക്കാരായ വിശ്വാസികൾ ഡിഫെൻഡറിനെ തെറ്റിദ്ധരിക്കാൻ ഇടയാകുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് ഈ ലക്കം ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നത്.

1997 ഡിസംബറിലാണ് ഡിഫെൻഡർ പ്രസിദ്ധീകരണം തുടങ്ങിയത്. ആദ്യ ലക്കം മുതൽ തന്നെ ഡിഫെൻഡർ പലരുടേയും കണ്ണിലെ കരടായി. ആദ്യത്തെ ഏതാനും വർഷങ്ങൾ പ്രജാപതിപ്രശ്നത്തിൽ മാത്രമായിരുന്നു ഡിഫെൻഡർ ശ്രദ്ധവെച്ചിരുന്നത്. പ്രജാപതി അപ്രത്യക്ഷമായതോടെ ഡിഫെൻഡർ പെന്തക്കോസ്തിലെ ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരേ പ്രതികരിക്കാൻ തുടങ്ങി. അതോടെ ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഡിഫെൻഡറിന് എതിരായി. റ്റി.എസ്.ബാലനോളം വലിയ ഒരു പാപി ഈ ഭൂലോകത്തില്ല എന്നാണ് 99% പെന്തക്കോസ്തുകാരും ഇപ്പോൾ വിശ്വസിക്കുന്നത്.

ഡിഫെൻഡറിനെതിരെ അപവാദപ്രചരണം നടത്തുന്നവരുണ്ട്. അത്തരക്കാരെ ഡിഫെൻഡർ അവഗണിക്കുന്നു. എന്നാൽ സത്യം അറിയാനുള്ള ആഗ്രഹത്തോടെ പലരും ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്. അത്തരം ചോദ്യങ്ങൾക്ക് ഡിഫെൻഡർ മറുപടി പറഞ്ഞിട്ടുമുണ്ട്. പക്ഷേ ഒരു ലക്കം പോലും മുടങ്ങാതെ ഡിഫെൻഡർ വായിക്കുന്നവർക്കുപോലും ഈ ചോദ്യങ്ങളും ഉത്തരങ്ങളും ഓർത്തിരിക്കാൻ പറ്റില്ല. അടുത്ത കാലത്ത് ഡിഫെൻഡറിന്റെ വരിക്കാരായവർക്ക് ആദ്യകാലത്ത് പറഞ്ഞ മറുപടികൾ വായിക്കാൻ കഴിഞ്ഞിട്ടുമില്ല. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം എന്ന നിലയ്ക്ക് ഈ ലക്കം ഡിഫെൻഡറിൽ പ്രധാന സംശയങ്ങൾക്കെല്ലാം മറുപടി പറയുകയാണ്.

എത്ര പറഞ്ഞാലും മനസ്സിലാകാത്തവരുണ്ട്. അങ്ങനെയുള്ളവർക്ക് ഈ ലക്കം ഗുണം ചെയ്യുകയില്ല. എന്നാൽ സത്യം അറിയാൻ ആഗ്രഹിക്കുന്നവർക്കും സത്യത്തെ സ്നേഹിക്കുന്നവർക്കും ഈ ലക്കം സഹായകമാകും.

ഈ ലക്കത്തിന്റെ കുറെ കോപ്പികൾ സ്റ്റോക്ക് വെയ്ക്കുന്നുണ്ട്. മറ്റുള്ളവർക്ക് കൊടുക്കാനായി കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

# റ്റി.എസ്.ബാലനും ഡിഫെൻഡറും

**?** റ്റി.എസ്.ബാലനേക്കുറിച്ച് ഒരു ലഘുവിവരണം നൽകാമോ?

■ ഒരു നായർ കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. ചെറുപ്പകാലത്ത് തികഞ്ഞ ഹൈന്ദവഭക്തനായി ജീവിച്ചെങ്കിലും ചിന്തിക്കാൻ പ്രായമായപ്പോൾ ഹിന്ദുമതത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. കുറച്ചുകാലം ഒരു ദൈവത്തിലും വിശ്വസിക്കാതെ ജീവിക്കയും യഥാർത്ഥ ദൈവത്തിനായി അന്വേഷിക്കയും ചെയ്തു. 1974ൽ കർത്താവായ യേശുക്രിസ്തുവിനെ കണ്ടെത്താൻ ഇടയായി. അങ്ങനെ എന്റെ ജീവിതം ഞാൻ കർത്താവിനായി സമർപ്പിച്ചു. (വിശദമായ അനുഭവസാക്ഷ്യം വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന സി.ഡിയിൽ ഉണ്ട്.)

പത്തു വർഷത്തോളം ഞാൻ നാഗാലാന്റിൽ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ ജോലിചെയ്തു. സുവിശേഷവേല ചെയ്യാനുള്ള ആഗ്രഹം മൂലം 1993ൽ ജോലി രാജിവെച്ചു. 1994 മുതൽ ഏഴു വർഷം സഭാശുശ്രൂഷകനായിരുന്നു. ഡോക്ട്രേറ്റിന് പഠിക്കാനായി 1991ൽ സഭാശുശ്രൂഷയിൽ നിന്ന് അവധിയെടുത്തെങ്കിലും അനാരോഗ്യം മൂലം പഠനം അവസാന ഘട്ടത്തിൽ ഉപേക്ഷിച്ചു. സ്വന്തമായി വീടോ സ്ഥലമോ ഇല്ല. ഇപ്പോൾ പെരുമ്പാവൂരിൽ ഒരു വാടകവീട്ടിൽ താമസിക്കുന്നു. ഭാര്യയും അഞ്ചു മക്കളുമുണ്ട്.

**?** ഡിഫെൻഡർ ആരംഭിക്കാൻ ഇടയായ സാഹചര്യം എന്താണ്?

■ പെന്തക്കോസ്തിലെ തട്ടിപ്പുകളിൽ ആദ്യം എന്റെ ശ്രദ്ധയിൽ വന്നത് പ്രജാപതി വിഷയമാണ്. ഈ തട്ടിപ്പ് പെന്തക്കോസ്തുകാരുടെ കുത്തകയല്ല. പോട്ട ഉൾപ്പെടെ നിരവധി സ്ഥലങ്ങളിൽ ഈ ഭോഷ്ക്ക് പ്രചാരത്തിലുണ്ട്. സംഭവം എന്തെന്ന് ചുരുക്കി പറയാം.

ഹൈന്ദവ വേദങ്ങളിൽ പ്രജാപതി എന്നൊരു ദേവനേക്കുറിച്ച് പറയുന്നുണ്ട്. അത് യേശുക്രിസ്തുവാണ്. ഈ ദേവൻ കന്യകയുടെ മകനാണ്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി മരിച്ച് ഉയിർത്തു. അതുകൊണ്ട് എല്ലാ ഹിന്ദുക്കളും യേശുക്രിസ്തുവിൽ വിശ്വസിക്കണം. ഇതാണ് പ്രജാപതിക്കാർ പറയുന്നതിന്റെ രത്നച്ചുരുക്കം.

വേദത്തിൽ ഇങ്ങനെ പറയുന്നുണ്ടോ എന്ന് അറിയാനായി ഞാൻ ഒരു അന്വേഷണം നടത്തി. ഋഗ്വേദം പത്താം മണ്ഡലം 90-ാം സൂക്തത്തിൽ പ്രജാപതിയേക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ പ്രജാപതിക്ക് ഉള്ളതായി പെന്തക്കോസ്തുകാർ പറയുന്ന ഒരു ലക്ഷണവും ഋഗ്വേദത്തിലെന്നല്ല ഒരു ഹൈന്ദവ ഗ്രന്ഥത്തിലും ഇല്ല എന്ന് ഞാൻ കണ്ടെത്തി. ഇത് ഞാൻ തുറന്നു പറഞ്ഞതോടെ ഭൂരിപക്ഷം പെന്തക്കോസ്തുകാരും എനിക്ക് എതിരായി. സുവിശേഷ പ്രവർത്തനത്തെ തകർക്കാനായി എത്തിയ ആർ.എസ്.എസ്. ചാരനാണ് ഞാൻ എന്നത്രേ അവർ പ്രചരിപ്പിച്ചത്. എന്നേക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും വേദത്തിൽ ഇല്ലാത്തത് ഉണ്ടെന്ന് പ്രചരിപ്പിച്ച് ഹിന്ദുക്കളെ വഞ്ചിക്കുന്ന പരിപാടി പറ്റില്ല എന്ന നിലപാടിൽ ഞാൻ ഉറച്ചു നിന്നു. മാത്രമല്ല, ഈ വിഷയത്തേക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ''പ്രജാപതി ക്രിസ്തുവല്ല'' എന്നൊരു പുസ്തകവും ഞാൻ എഴുതി. അതോടെ ഞാൻ പെന്തക്കോസ്ത് നേതാക്കൻമാരുടെ കണ്ണിലെ കരടായി. എന്നെ എങ്ങനെയെങ്കിലും തകർക്കാനുള്ള ശ്രമം അവർ ആരംഭിച്ചു. എങ്കിലും പെന്തക്കോസ്തിലെ നിഷ്ക്കളങ്കരായ വിശ്വാസികൾ എനിക്ക് പിൻതുണ തന്നു.

ആദ്യകാലത്ത് ഞാൻ ചില പെന്തക്കോസ്ത് പത്രങ്ങളിൽ എഴുതിയിരുന്നു. പക്ഷേ ഒന്നോ രണ്ടോ ലക്കങ്ങളിൽ പ്രജാപതിയേക്കുറിച്ച് എഴുതി ഒരു കോലാഹലം ഉണ്ടാക്കുകയും അതിലൂടെ പത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതിൽ കവിഞ്ഞ് ഒരു ലക്ഷ്യവും ഈ പത്രങ്ങൾക്കില്ല എന്ന് എനിക്ക് മനസ്സിലായി. വിശ്വാസസത്യങ്ങൾക്കുവേണ്ടി പോരാടുന്ന ഒരു പത്രം പ്രസിദ്ധീകരിക്കണം എന്ന് എനിക്ക് ആഗ്രഹം ഉണ്ടായത് ഇങ്ങനെയാണ്.

പെന്തക്കോസ്തിലെ ദുർന്നടപടികൾക്കെതിരെ പ്രതികരിക്കുന്നതിന് ഞാൻ 1997ൽ ''ഡിഫെൻഡർ'' എന്ന ഈ പത്രം തുടങ്ങി. മാസത്തിൽ ഒന്ന് എന്ന ക്രമത്തിനാണ് ആദ്യകാലങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നത്. ഇപ്പോൾ ദ്വൈവാരികയാണ്. ഈ പത്രത്തിലൂടെ ഞാൻ പ്രജാപതിക്കെതിരെ രണ്ടു വർഷത്തോളം തുടർച്ചയായി എഴുതി. അങ്ങനെ പ്രജാപതിയെന്ന കള്ളക്രിസ്തു പെന്തക്കോസ്തിൽ നിന്ന് ഔട്ടായി. എങ്കിലും ഈ വിഡ്ഢിത്തം ഇപ്പോഴും പോട്ടയിലും മറ്റും പ്രസംഗിക്കപ്പെടുന്നുണ്ട്.

ഞാൻ പ്രജാപതിയുടെ കഥ കഴിച്ചത് പെന്തക്കോസ്തിലെ കള്ളൻമാർക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു. അവർ എനിക്കെതിരെ ആഞ്ഞടിച്ചു. ആർ.എസ്.എസ്. ചാരനായി എന്നെ മുദ്രകുത്തി. ഞാൻ സുവിശേഷത്തിന്റെ ശത്രുവാണ് എന്ന് പ്രചരിപ്പിച്ചു. അത് വിശ്വസിക്കാൻ ഒട്ടേറെ ആളുണ്ടായി. ഞാൻ ഏറെക്കുറെ ഒറ്റപ്പെട്ടു. പെന്തക്കോസ്ത് നേതാക്കൻമാരുടെ ദുർന്നടപ്പ്, തട്ടിപ്പ്, ദുരുപദേശങ്ങൾ തുടങ്ങിയവയ്ക്കെതിരെ ഞാൻ എഴുതാൻ തുടങ്ങിയതോടെ കള്ളക്കേസ്സുകളുടെ ഒരു പ്രളയം തന്നെ ഉണ്ടായി. ഇന്റർനെറ്റ് കേസ്സ് ഉൾപ്പെടെയുള്ളവ ഉണ്ടായത് അങ്ങനെയാണ്. ഈ വിഷ യങ്ങളേക്കുറിച്ച് മറ്റു പേജുകളിൽ വിശദീകരിക്കുന്നതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ബാലൻ ലോക പോലീസാണോ?

? അന്യനെ വിധിക്കാൻ നീ ആര് എന്ന് ദൈവവചനം ചോദിക്കുന്നു. അന്യനെ വിധിക്കാൻ റ്റി.എസ്.ബാലന് അധികാരമില്ല.

■ ''അന്യന്റെ ദാസനെ വിധിക്കാൻ നീ ആര്? അവൻ നിൽക്കുന്നതോ വീഴുന്നതോ അവന്റെ യജമാനനുവേണ്ടിയത്രേ.'' ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ച ദിവസം മുതൽ കേൾക്കുന്ന ചോദ്യമാണിത്. ഈ ചോദ്യത്തിന് പലവട്ടം മറുപടി പറഞ്ഞു കഴിഞ്ഞതാണ്. എങ്കിലും വീണ്ടും പറയട്ടെ.

മറ്റൊരുത്തന്റെ ദാസൻ നിൽക്കുന്നതോ വീഴുന്നതോ അവന്റെ യജമാനനുവേണ്ടിയത്രേ. പക്ഷേ അവൻ നിങ്ങളെ തല്ലാൻ വന്നാൽ എന്തുചെയ്യും? അതല്ലെങ്കിൽ നിങ്ങളുടെ വീട്ടിൽ കയറി മോഷ്ടിച്ചാൽ നിങ്ങൾ എന്തുചെയ്യും? മറ്റൊരുത്തന്റെ ദാസനാണ് എന്ന ഒറ്റ കാരണത്താൽ അവന്റെ ദുഷ്ചെയ്തികൾ നിങ്ങൾ സഹിക്കുമോ? ആത്മീയ രംഗത്തും ഇതുതന്നെയാണ് സംഭവിക്കുന്നത്.

ഒരു ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. കെ.സി. ജോൺ വ്യഭിചാരിയും തട്ടിപ്പുകാരനുമാണ്. അയാൾ സ്വന്തം വീട്ടിലിരുന്ന് വ്യഭിചരിച്ചാൽ ഡിഫെൻഡർ പ്രതികരിക്കുകയില്ല. പക്ഷേ ഐ.പി.സിയുടെ പ്രസിഡന്റെന്ന നിലയിൽ ഇയാൾ ലോകമെമ്പാടും ബഹുമാനിക്കപ്പെടുന്നു. ഈ മറ ഉപയോഗിച്ച് ഇയാൾ തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുന്നു. അങ്ങനെ നിരവധി ദൈവമക്കൾ പാപത്തിൽ വീഴാൻ ഇടയാ കുന്നു. ദൈവദാസനെന്ന പേരിൽ ലഭിക്കുന്ന ബഹുമാനം ഉപയോഗിച്ച് ഇയാൾ പണം തട്ടുന്നു. ഈ വിധത്തിൽ അയാൾ ദൈവമക്കളെ കൊള്ളയടിക്കുന്നു. അന്യന്റെ ദാസനാണ് എന്ന കാരണത്താൽ ഇതൊക്കെ അനുവദിച്ചുകൊടു ക്കാനാവില്ല.

സുരേഷ് ബാബു അന്യന്റെ ദാസനാണെന്നത് ശരിതന്നെ. പക്ഷേ ദൈവദാസനായാണ് ഇയാൾ അറിയപ്പെടുന്നത്. ഈ വിധത്തിൽ ലഭിക്കുന്ന ബഹുമാനം ദുരുപയോഗം ചെയ്താണ് ഇയാൾ തട്ടിപ്പും വ്യഭിചാരവും ഒക്കെ നടത്തുന്നത്. അനേകം ദൈവമക്കൾ ഈ വിധത്തിൽ ചതിക്കപ്പെട്ടിട്ടുണ്ട്. ഇത് അനുവദിച്ചുകൊടുക്കാൻ ഡിഫെൻഡർ തയ്യാറല്ല.

ദൈവത്തിനെതിരായോ ദൈവവചനത്തിനെതിരായോ ദൈവസഭയ്ക്കെതിരായോ ദൈവ ദാസൻമാർക്കെതിരായോ ഡിഫെൻഡർ നാളിതുവരെ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല, പറയുകയുമില്ല. വ്യാജ ദൈവങ്ങൾക്കെതിരേയും കള്ളപ്രവചനങ്ങൾക്കെതിരേയും മനുഷ്യനിർമ്മിതമായ വ്യാജ സഭകൾക്കെതിരേയും ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന വ്യാജൻമാർക്കെതിരേയും ഡിഫെൻഡർ എഴുതിയിട്ടുണ്ട്, ഇനിയും എഴുതുകയും ചെയ്യും. അതുകൊണ്ട് സാത്താനൊഴികെ ആർക്കും ദോഷം ഉണ്ടാകുകയുമില്ല.

? എന്താണ് ശരിയായ ഉപദേശമെന്നും എന്താണ് ദുരുപദേശമെന്നും എങ്ങനെ തിരിച്ചറിയും?

■ കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ടോ അല്ലെങ്കിൽ കല്പിച്ചിട്ടുണ്ടോ, അപ്പോസ്തലൻമാർ ചെയ്തിട്ടുണ്ടോ (പ്രാപിച്ചിട്ടുണ്ടോ), ലേഖനങ്ങളിൽ ഉപദേശമുണ്ടോ എന്നിങ്ങനെ മൂന്ന് ചോദ്യങ്ങൾ ചോദിക്കുക. ഉണ്ട് എന്ന ഉത്തരമാണ് ഇവയ്ക്ക് ലഭിക്കുന്നതെങ്കിൽ അത് ശരിയായ ഉപദേശമാണ്. പെന്തക്കോസ്ത് ഉപദേശത്തിൽ 95% ശരിയായ ഉപദേശമാണ്. സംഘടന സ്ഥാപിച്ചിട്ട് അതിനെ സഭയാക്കിയത് ഒരു തെറ്റ്. സംഘടനയുടെ നേതാവിനെ സഭയുടെ നേതാവായി അവതരിപ്പിക്കുന്നതും സെന്റർ പാസ്റ്റർ എന്ന അത്ഭുതജീവിയെ സൃഷ്ടിച്ചതും ഒക്കെ തെറ്റ്. പെന്തക്കോസ്തിൽ ഇന്ന് നിലനിൽക്കുന്ന ഓർഡിനേഷനും വചനവിരുദ്ധമാണ്. ഇങ്ങനെ കുറെ ദുരുപദേശങ്ങൾ പെന്തക്കോസ്തിലുണ്ട്. ഇവയൊക്കെ ഒഴിവാക്കിയാൽ പെന്തക്കോസ്ത് ഉപദേശം വചനാനുസൃതമാകും.

? വല്ലവരും പറഞ്ഞു കേൾക്കുന്നത് കണ്ണടച്ച് വിശ്വസിച്ച് എഴുതുകയല്ലേ ഡിഫെൻഡർ ചെയ്യുന്നത്?

■ അല്ല. വേണ്ടത്ര അന്വേഷണം നടത്തി സത്യമെന്ന് ബോദ്ധ്യപ്പെടുന്ന കാര്യങ്ങൾ മാത്രമേ ഡിഫെൻഡറിൽ എഴുതാറുള്ളൂ. പത്രപ്രവർത്തനത്തിൽ ഒരു ഫസ്റ്റ് ക്ലാസ്സ് എം.എ. ഡിഗ്രിയുള്ള എനിക്ക് പത്രപ്രവർത്തനം എങ്ങനെ നടത്തണമെന്ന് നന്നായറിയാം.

? ഇങ്ങനെയൊക്കെ എഴുതുന്നതുമൂലം ദൈവനാമം ദുഷിക്കയല്ലേ ചെയ്യുന്നത്?

■ കെ.സി.ജോൺ കള്ളനാണ് എന്ന് പറയുമ്പോൾ ദൈവനാമം ദുഷിക്കുമെങ്കിൽ കെ.സി. ജോണാണ് ദൈവം എന്നു പറയേണ്ടതായി വരും. സുരേഷ് ബാബു വ്യഭിചാരിയും തട്ടിപ്പുകാരനുമാണ് എന്നു പറയുമ്പോൾ ദൈവനാമം എങ്ങനെയാണപ്പാ ദുഷിക്കുക? സുരേഷ് ദൈവത്തിന്റെ അളിയനാണോ? കെ. സി.ജോൺ കള്ളനാണെന്ന് ഡിഫെൻഡർ എഴുതുമ്പോൾ കെ.സി.ജോണിന്റെ നാമമാണ് ദുഷിക്കുന്നത്, ദൈവത്തിന്റെ നാമമല്ല. അതു പോലെ സുരേഷ് വ്യഭിചാരിയാണെന്ന് പറയുമ്പോൾ സുരേഷിന്റെ നാമമാണ് ദുഷിക്കുന്നത്.

കെ.സി.ജോണിനേയും സുരേഷ് ബാബുവിനേയും മറ്റും ജനം ദൈവദാസൻമാരായി കണക്കാക്കുന്നതുകൊണ്ട് ദൈവനാമം ദുഷിക്കും എന്നാണ് ചിലരുടെ നിലപാട്. ഈ കള്ളൻമാരെ ദൈവദാസൻമാരായി അവതരിപ്പിച്ചവരാണ് ഈ വിഷയത്തിൽ തെറ്റു ചെയ്യുന്നത്, ഡിഫെൻഡറല്ല. ദൈവവുമായി ഒരു ബന്ധവുമില്ലാത്തവരെ എന്തിന് ദൈവദാസൻമാരായി അവതരിപ്പിച്ചു എന്ന് ഇവർ വിശദീകരിക്കട്ടെ.

എന്തുകൊണ്ടാണ് പെന്തക്കോസ്തുകാർ ഡിഫെൻഡറിനെതിരെ ചന്ദ്രഹാസമിളക്കുന്നത്? പറയാം: കത്തോലിക്കാസഭ, ഓർത്തഡോക്സ് സഭ, മാർത്തോമ്മാ സഭ തുടങ്ങിയവ പോലെ പെന്തക്കോസ്ത് സഭയും ഒരു സമുദായമായി ഇവർ കണക്കാക്കുന്നു. പെന്തക്കോസ്ത് സഭയാണ് ദൈവസഭ എന്നും ഇവർ കരുതുന്നു. പെന്തക്കോസ്തിന് അപമാനമുണ്ടായാൽ തങ്ങൾക്ക് അപമാനം ഉണ്ടാകുന്നു എന്നാണ് ഇവരുടെ വ്യാഖ്യാനം. പെന്തക്കോസ്ത് സഭ എന്നൊരു സഭയില്ല എന്ന് ആദ്യമായി അറിയുക. പെന്തക്കോസ്തിൽ ചേർന്നതു കൊണ്ട് ആരും നിത്യജീവൻ പ്രാപിക്കുകയുമില്ല. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക, പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുക, ദൈവ വചനപ്രകാരം സ്നാനമേൽക്കുക, പരിശുദ്ധാത്മ സ്നാനം പ്രാപിക്കുക, ദൈവ മക്കളുമായി കൂട്ടായ്മ ആചരിക്കുക തുടങ്ങിയവയാണ് ദൈവമക്കൾ ചെയ്യേണ്ടത്. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയവർ നല്ലവരാണോ അല്ലയോ എന്നത് ദൈവസഭയുമായി ബന്ധപ്പെട്ട കാര്യമല്ല. ഇവർ ചില സംഘടനകളുടെ നേതാക്കൻമാരാണെങ്കിലും ദൈവസഭയുടെ ഭാഗമല്ല. ആത്മീയരുടെ വേഷത്തിൽ നടന്ന് സാധുക്കളെ വഞ്ചിക്കയാണിവർ ചെയ്യുന്നത്. ഇവരെ വിമർശിച്ചാൽ ദൈവം കോപിക്കുകയില്ല.

? ഡിഫെൻഡർ വായിച്ച് ആരെങ്കിലും രക്ഷിക്കപ്പെട്ടിട്ടുണ്ടോ?

■ സുവിശേഷപ്രചരണത്തിനായല്ല ഡിഫെൻഡർ ഇറക്കുന്നത്. അതുകൊണ്ട് ഡിഫെൻഡർ വായിച്ച് ആരെങ്കിലും രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യം അർത്ഥശൂന്യമാണ്. പെന്തക്കോസ്തിലെ ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരെ എഴുതുകയും ദൈവജനത്തെ സത്യം ഗ്രഹിപ്പിക്കയുമാണ് ഡിഫെൻഡറിന്റെ ലക്ഷ്യം. സുവിശേഷം അറിയിക്കാൻ പുസ്തകങ്ങൾ, സി.ഡികൾ തുടങ്ങിയവ ഞാൻ പുറത്തിറക്കുന്നുണ്ട്. ഡിഫെൻഡർ എന്നത് എന്റെ ശുശ്രൂഷയുടെ ഒരു ഭാഗം മാത്രമാണ്.

? ഡിഫെൻഡർ ഇങ്ങനെയെല്ലാം എഴുതുന്നതുകൊണ്ട് സുവിശേഷം പറയാൻ വയ്യാതായിരിക്കുന്നു.

■ ഈ ആരോപണത്തിൽ കഴമ്പില്ല. കെ.സി.ജോൺ കള്ളനാണെന്നും സുരേഷ് തട്ടിപ്പുകാരനാണെന്നും ഒക്കെ പറയുമ്പോൾ സുവിശേഷത്തിന് തടസ്സമുണ്ടാകുന്നതെങ്ങനെ? സുവിശേഷത്തിൽ സുരേഷുണ്ടോ? കെ.സി.ജോണും ടി.എസ്.ഏബ്രഹാമും ഉണ്ടോ? ഉണ്ടെങ്കിൽ അത് മറ്റൊരു സുവിശേഷമാണ്. സത്യസുവിശേഷം പറയുന്നതിന് ഡിഫെൻഡർ തടസ്സമല്ല.

? അപവാദം പറയുന്ന ആത്മാവ് ദുരാത്മാവല്ലേ?

■ അപവാദം പറയുന്നത് ദുരാത്മാവാണ്. സത്യം പറയുന്നത് ദൈവാത്മാവും. ഹെരോദാവ് സഹോദരന്റെ ഭാര്യയെ തട്ടിയെടുത്തത് ശരിയായില്ല എന്ന് യോഹന്നാൻ പറഞ്ഞതും അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരുന്നവനെതിരെ പൗലോസ് പ്രതികരിച്ചതും ദൈവാത്മാവിലാണ്. വനിതാ ബൈബിൾ സ്ക്കൂളിൽ പഠിക്കാനെത്തിയ പെൺകുട്ടികളെ ടി.എസ്.ഏബ്രഹാം കാമപൂരണത്തിന് ഉപയോഗിച്ചതും കെ.സി.ജോൺ അമ്മായിയമ്മയെ ഭാര്യയാക്കിയതും ഒക്കെ തെറ്റാണെന്നും ഇത്തരക്കാർ നേതൃസ്ഥാനത്തിരിക്കാൻ യോഗ്യരല്ലെന്നും ഞാൻ എഴുതിയതും ദൈവാത്മാവിലാണ്. ഇതൊന്നും അപവാദമല്ല പച്ചയായ സത്യങ്ങളാണ്.

? ഡിഫെൻഡർ കൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടോ?

■ ഉണ്ടല്ലോ. പ്രാജാപതിയെന്ന വ്യാജക്രിസ്തുവിനെ പെന്തക്കോസ്തിൽ നിന്ന് ഔട്ടാക്കിയത് ഡിഫെൻഡറാണ്. ദൈവഭയമില്ലാതെ, എല്ലാവിധ തോന്ന്യാസങ്ങളും കാണിച്ചു നടന്ന ഒട്ടേറെ ആളുകൾ ഇപ്പോൾ ഡിഫെൻഡറിനെ ഭയന്ന് മര്യാദക്ക് ജീവിക്കുന്നു. പെന്തക്കോസ്തിൽ ആർക്കും എന്തും ആകാം എന്ന സ്ഥിതിക്ക് കുറെയൊക്കെ മാറ്റം വന്നിരിക്കുന്നു. ഇതൊക്കെ നേട്ടങ്ങളല്ലേ?

? നിങ്ങൾ പറയുന്ന തെറ്റുകളൊക്കെ അവർ ചെയ്തിട്ടുണ്ടാകാം. പക്ഷേ അവർ ദൈവത്തോട് ഏറ്റു പറയുകയും ദൈവം ക്ഷമിക്കയും ചെയ്തുകഴിഞ്ഞു. ഇനി ആ തെറ്റുകൾ കുത്തിപ്പൊക്കുന്നത് ശരിയാണോ?

■ ദൈവത്തോട് ഏറ്റു പറഞ്ഞ് പാപക്ഷമ പ്രാപിച്ച പാപങ്ങൾ കുത്തിപ്പൊക്കുന്നത് ശരിയല്ല. പക്ഷേ ഇവർ ദൈവത്തോട് ഏറ്റു പറഞ്ഞോ എന്ന് എങ്ങനെ അറിയും? ദാവീദ് പാപം ഏറ്റു പറഞ്ഞപ്പോൾ അത് മാലോകർ അറിഞ്ഞു. രഹസ്യമായി ചെയ്ത പാപം രഹസ്യമായി ദൈവത്തോട് ഏറ്റു പറഞ്ഞാൽ മതിയാകും. പക്ഷേ പരസ്യമായി ചെയ്ത പാപം, അല്ലെങ്കിൽ പരസ്യമായിക്കഴിഞ്ഞ പാപം, പരസ്യമായി ഏറ്റു പറയണം.

? പാപം ചെയ്തവർ റ്റി. എസ്.ബാലന്റെ മുൻപിൽ എത്തി കുമ്പസാരിക്കണമെന്നാണോ പറയുന്നത്?

■ റ്റി.എസ്.ബാലനോട് ആരും കുമ്പസാരിക്കേണ്ട ആവശ്യമില്ല. പക്ഷേ ഇത്തരക്കാർ മാനസാന്തരപ്പെട്ട വിവരം ഞാൻ അറിഞ്ഞാൽ മാത്രമേ ഇവർക്കെതിരേ എഴുതുന്നത് നിർത്താൻ കഴിയൂ. ഇവർ മാനസാന്തരപ്പെട്ടുകാണും എന്ന് ഊഹിച്ചെടുത്ത് എഴുത്ത് നിർത്താൻ ആവില്ല എന്നു ചുരുക്കം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവ ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാൻ ദൈവത്തോട് പാപം ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടുക. ബാലൻ എഴുതുന്നത് ഒഴിവാക്കാൻ ബാലനോട് പറയുക. അല്ലെങ്കിൽ ബാലനോട് പറയാൻ ദൈവത്തോട് അപേക്ഷിക്കുക.

? റ്റി.എസ്.ബാലൻ എന്താ ലോക പോലീസാണോ?

■ അല്ലേഅല്ല. ഞാൻ വെറും പോലീസ് പോലുമല്ല. നാഥാൻ പ്രവാചകനും യോഹന്നാൻ സ്നാപകനും കർത്താവായ യേശുക്രിസ്തുവും പൗലോസും മറ്റും തിൻമയ്ക്കെതിരേ ശബ്ദമുയർത്തിയത് ഇവരൊക്കെ പോലീസ് ആയതുകൊണ്ടല്ല. ദൈവാത്മാവ് ഉള്ളിലുള്ളവർക്ക് തിൻമയ്ക്കെതിരെ പ്രതികരിക്കാതിരിക്കാൻ ആവില്ല.

? മറ്റുള്ളവരേക്കുറിച്ച് ഇങ്ങനെയൊക്കെ എഴുതാൻ ആരാ നിങ്ങൾക്ക് അധികാരം തന്നത്?

■ ഈ രാജ്യത്തെ നിയമമാണ് എനിക്ക് അധികാരം തന്നത്. സംശയമുള്ളവർ ഇന്ത്യൻ ശിക്ഷാ നിയമം 499-ാം വകുപ്പ് വായിച്ചുനോക്കുക. സത്യസന്ധമായതും പൊതുതാല്പര്യമുള്ളതുമായ വസ്തുതകൾ നല്ല ഉദ്ദേശ്യത്തോടെ എഴുതാൻ ഏത് ഇന്ത്യൻ പൗരനും ഈ രാജ്യത്തെ നിയമം അധികാരം നൽകിയിട്ടുണ്ട്.

? റ്റി.എസ്.ബാലൻ ഒരു കുറ്റവും കുറവും ഇല്ലാത്തവനാണോ?

■ അല്ല, തീർച്ചയായും അല്ല. ഞാൻ ഒരു സാധാരണ മനുഷ്യനാണ്. പക്ഷേ മരണത്തിനുള്ള പാപം ചെയ്യാതിരിക്കാൻ ഞാൻ ശ്രദ്ധിക്കുന്നു. ദുർന്നടപ്പ്, ദ്രവ്യാഗ്രഹം, വഞ്ചന, അത്യാഗ്രഹം, ദുരുപദേശം തുടങ്ങിയ പ്രശ്നങ്ങളൊന്നും എനിക്കില്ല. ഉണ്ടാകാതിരിക്കാൻ ഞാൻ പരമാവധി പരിശ്രമിക്കയും ചെയ്യുന്നു. ദൈവത്തിൽ നിന്ന് ജനിച്ചവർ പാപം ചെയ്യാതെ തങ്ങളേത്തന്നെ സൂക്ഷിക്കുന്നു. രക്ഷിക്കപ്പെടാത്തവർ ഒരു ശങ്കയും കൂടാതെ പാപം ചെയ്യുന്നു.

? ദൈവദാസൻമാർക്ക് ഒരു ദോഷവും ചെയ്യരുത് എന്നല്ലേ ദൈവവചനം പറയുന്നത്?

■ തീർച്ചയായും ദൈവദാസൻമാർക്ക് ഒരു ദോഷവും ചെയ്യരുത്. ഡിഫെൻഡർ നാളിതുവരെ ഒരു ദൈവദാസനും ദോഷം ചെയ്തിട്ടില്ല. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന കള്ളൻമാർക്ക് എതിരെ മാത്രമേ ഡിഫെൻഡർ എഴുതിയിട്ടുള്ളൂ.

? ആർ.എസ്.എസ്സ്കാരുടെ ചാരനാണ് ബാലൻ.

■ മറുപടി അർഹിക്കാത്ത ഒരു ചോദ്യമാണിത്. ഉപദേശം കൊണ്ടോ പ്രവൃത്തികൊണ്ടോ ഞാൻ ദൈവദാസന് യോജിക്കാത്ത ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. ബൈബിൾ മാത്രമാണ് ദൈവവചനം എന്നും യേശു മാത്രമാണ് രക്ഷകനെന്നും പ്രസംഗിക്കുകയും ദൈവവചനാനുസൃതം ജീവിക്കയും ചെയ്യുന്നതാണ് ആർ.എസ്.എസ്സ് കാരന്റെ ലക്ഷണമെങ്കിൽ അത്തരം ആർ. എസ്സ്.എസ്സ് നല്ലതുതന്നെ.

? ദൈവസഭയെ തകർക്കാൻ ആഗ്രഹിക്കുന്ന ചിലർ പണം തന്ന് ബാലനേക്കൊണ്ട് എഴുതിക്കുകയാണ്.

■ ആരാണപ്പാ എനിക്ക് പണം തരുന്നത്? ഞാൻ ജോലി ചെയ്ത് ജീവിക്കുന്ന വ്യക്തിയാണ്. ഉപജീവനത്തിനായി ഒരു പ്രസ്സ് നടത്തുന്നു. രക്ഷിക്കപ്പവർ എന്നെ അവരുടെ സഹോദരനായി പരിഗണിച്ച് ചെറിയ സാമ്പത്തിക സഹായങ്ങൾ ചിലപ്പോൾ ചെയ്യാറുണ്ട്. എന്റെ സഹോദരങ്ങൾ തരുന്നത് വാങ്ങുന്നതിൽ തെറ്റില്ല എന്നാണ് എന്റെ വിശ്വാസം. ഇങ്ങനെ വിവിധ വഴികളിലൂടെ ലഭിക്കുന്ന പണംകൊണ്ട് എന്റെ കുടുംബം കഷ്ടിച്ച് ജീവിച്ചുപോകുന്നു. എനിക്ക് സമ്പാദ്യമൊന്നുമില്ല. വീടോ സ്ഥലമോ ഇല്ലെന്ന് പ്രാരംഭത്തിൽ തന്നെ പറഞ്ഞു കഴിഞ്ഞല്ലോ. ഇനി ദൈവസഭയെ തകർക്കുന്ന കാര്യം: ദൈവസഭയ്ക്ക് എതിരായി ഞാൻ എഴുതുകയോ പ്രസംഗിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല, ചെയ്യുകയുമില്ല. ദൈവസഭയെ തകർക്കാൻ ആർക്കും കഴിയുകയുമില്ല.

? പലരേയും ബ്ലാക്ക് മെയിൽ ചെയ്ത് ബാലൻ പണം സമ്പാദിക്കുന്നു.

■ ഞാൻ ആരേയും ബ്ലാക്ക് മെയിൽ ചെയ്തിട്ടില്ല. ഉണ്ടെന്നാണ് വാദമെങ്കിൽ ആരെയാണ് ഞാൻ ബ്ലാക്ക് മെയിൽ ചെയ്തതെന്ന് പരസ്യമായി പറയാൻ ആരോപണം ഉന്നയിക്കുന്നവർ ധൈര്യം കാണിക്കണം.

# ബാലനും ആത്മീയ ഭാഷയും

**?** ഡിഫെൻഡറിന്റെ ഭാഷ മഹാമോശമാണ്. അശ്ലീലമയമാണ്. ഈ പത്രം വീട്ടിൽ ഇരുന്ന് വായിക്കാൻ പറ്റില്ല.

■ ഡിഫെൻഡറിൽ ഭാഷപരമായ തെറ്റുണ്ട് എന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. (ചിലപ്പോൾ അച്ചടിപ്പിശക് വന്നേക്കാം). എന്നാൽ ഡിഫെൻഡറിന്റെ ഭാഷ ആത്മീയഭാഷയല്ല എന്നാണ് ചിലരൊക്കെ പറയുന്നത്. ആത്മീയഭാഷ എന്നാൽ എന്താണ് എന്ന് ഇക്കൂട്ടർ വിശദീകരിക്കുന്നുമില്ല. ഡിഫെൻഡർ അശ്ലീലം എഴുതുന്നു എന്നാണ് മറ്റുചിലർ പറയുന്നത്. എന്താണ് അശ്ലീലം? വ്യഭിചാരം, മോഷണം എന്നൊക്കെ പറഞ്ഞാൽ അശ്ലീലമാകുമോ? ഡിഫെൻഡറിന്റെ അടിസ്ഥാനം ബൈബിളാണ്. അതുകൊണ്ട് ബൈബിളിൽ നിന്ന് ഈ ഉത്തരം പറയാം.

അഞ്ചോ ആറോ വയസ്സുളള കുഞ്ഞുങ്ങളെ എല്ലാ പെന്തക്കോസ്ത് സഭകളും പത്തുകല്പനകൾ പഠിപ്പിക്കാറുണ്ട്. വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, അന്യന്റെ ഭാര്യയെ മോഹിക്കരുത് എന്നൊക്കെ ആ പിഞ്ചു കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിൽ അശ്ലീലമുണ്ടെന്ന് എന്തേ ഒരു പെന്തക്കോസ്തുകാരനും പറയാത്തത്?

ഒരു സംഭവം ഓർമ്മവരുന്നു. വടക്കേ ഇന്ത്യയിൽ കന്യാസ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടതിൽ പ്രതിഷേധിക്കാൻ കളമശ്ശേരിയിൽ ഒരു യോഗം നടന്നു. ബിഷപ്പും കുറെ അച്ചൻമാരും കന്യാസ്ത്രീകളും മറ്റും എത്തിയിരുന്നു. സ്വാഗതം പറഞ്ഞ അച്ചന് കന്യാസ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടു എന്ന് പറയുന്നതിൽ വിഷമം തോന്നി. മാന്യ വ്യക്തികൾ ഉളള സദസ്സിൽ ബലാൽസംഗം എന്ന വാക്ക് അശ്ലീലമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അതുകൊണ്ട് അച്ചൻ ഇങ്ങനെ പറഞ്ഞു: പ്രിയ സഹോദരങ്ങളേ, ആ അക്രമികൾ മഠത്തിൽ അതിക്രമിച്ച് കയറി പാവപ്പെട്ട കന്യാസ്ത്രീകളെ ശരിക്കൊന്നു പെരുമാറി. (അശ്ലീലം അശ്ശേഷമില്ല). ഈ അച്ചനേപ്പോലുളള സദാചാര പ്രേമികളോട് മറുപടി പറയാൻ ബുദ്ധിമുട്ടാണ്.

ലോത്തിനെ തേടി സോദോമിലെത്തിയ ദൂതൻമാർക്ക് സ്വവർഗ്ഗഭോഗികളിൽ നിന്നുണ്ടായ ഉപദ്രവം ബൈബിളിൽ വിശദമായി പറയുന്നുണ്ട്. ലോത്തിന് എങ്ങനെ മക്കളുണ്ടായി എന്നും ബൈബിൾ വിവരിക്കുന്നു. ഇതൊക്കെ അശ്ലീല വിവരണമാണോ? സഹോദരന്റെ പേരിൽ മക്കളുണ്ടാകുന്നത് തടയാനായി ഓനാൻ എന്തു ചെയ്തു എന്ന് ദൈവവചനം പറയുന്നത് കേൾക്കൂ: ''എന്നാൽ ആ സന്തതി തന്റേതായിരിക്കില്ല എന്ന് ഓനാൻ അറികകൊണ്ട് ജ്യേഷ്ഠന്റെ ഭാര്യയുടെ അടുക്കൽ ചെന്നപ്പോൾ ജ്യേഷ്ഠനു സന്തതിയെ കൊടുക്കാതിരിക്കേണ്ടതിന് നിലത്തു വീഴ്ത്തിക്കളഞ്ഞു''. ഈ വിവരണം അശ്ലീലമാണോ? ആണെങ്കിൽ ദൈവാത്മാവിന്റെ പ്രേരണയിൽ ഇതെഴുതിയ ആളും ഇതെഴുതാൻ പ്രേരിപ്പിച്ച ദൈവാത്മാവും അശ്ലീലമെഴുതി എന്നു പറയേണ്ടതായി വരും.

രൂബേൻ തന്റെ അപ്പന്റെ ഭാര്യയുമായും യെഹൂദാ സ്വന്തം മകന്റെ ഭാര്യയുമായും അവിഹിതബന്ധം പുലർത്തിയ കാര്യം ബൈബിളിൽ വിവരിക്കുന്നുണ്ട്. യാക്കോബിന്റെ ഏക മകൾ ബലാൽസംഗം ചെയ്യപ്പെട്ടു എന്ന വസ്തുത ബൈബിൾ മറച്ചു വെയ്ക്കുന്നില്ല. ദൈവത്തിന്റെ ഹൃദയപ്രകാരമുളളവനെന്ന് പേരുകേട്ട ദാവീദ് അന്യന്റെ ഭാര്യയുമായി അവിഹിത ബന്ധത്തിൽ ഏർപ്പെട്ട കാര്യം എന്തുകൊണ്ട് ദൈവാത്മാവ് രഹസ്യമാക്കി വെച്ചില്ല? ദാവീദിന്റെ ഒരു മകൻ സ്വന്തം സഹോദരിയെ ബലാൽസംഗം ചെയ്ത സംഭവവും ബൈബിൾ വിവരിക്കുന്നു. ഇത്തരം കാര്യങ്ങൾ എഴുതിയാൽ അശ്ലീലമാകുമെങ്കിൽ ദൈവാത്മാവ് അശ്ലീലമെഴുതിച്ചു എന്നുകൂടി പറയണം.

ജീവനുളള ദൈവത്തെ വിട്ട് അന്യ ദൈവങ്ങളുടെ പിന്നാലെ പോകുന്നത് സ്വന്തം ഭർത്താവിനെ വിട്ട് അന്യപുരുഷൻമാരുമായി രമിക്കുന്നതുപോലെയാണെന്ന് പഴയനിയമ പ്രവാചകൻമാർ പറഞ്ഞിരുന്നു. ഇത്തരം പാപങ്ങൾക്കെതിരെ പ്രവചിക്കുമ്പോൾ അശ്ലീലത്തിന്റെ അതിർവരമ്പുകൾ പോലും അവഗണിക്കുന്ന ഭാഷയാണ് ദൈവാത്മാവ് പ്രവാചകൻമാരുടെ വായിൽ നൽകിയത്. ഇതാ ഒരു സാമ്പിൾ:

ദൈവത്തെ വിട്ട് അന്യ ദൈവങ്ങളുടെ പിന്നാലെ പോയ യിസ്രായേൽ, യഹൂദ എന്നീ രാജ്യങ്ങളേക്കുറിച്ച് യെഹെസ്ക്കേൽ പറയുന്നു:

''യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ, മനുഷ്യ പുത്രാ, ഒരമ്മയുടെ മക്കളായ രണ്ടു സ്ത്രീ കൾ ഉണ്ടായിരുന്നു. അവർ മിസ്രയീമിൽ വെച്ച് പരസംഗം ചെയ്തു. യൗവനത്തിൽ തന്നെ അവർ പരസംഗം ചെയ്തു. അവിടെ അവരുടെ മുല പിടിച്ച് അവരുടെ കന്യാ കുചാഗ്രം ഞെക്കി ...... മിസ്രയീമിൽ നിന്നു കൊണ്ടുവന്ന തന്റെ വേശ്യാവൃത്തിയും അവൾ വിട്ടില്ല. അവർ അവളുടെ യൗവനത്തിൽ അവളോടുകൂടി ശയിച്ചു. അവളുടെ കന്യാകുചാഗ്രം ഞെക്കി തങ്ങളുടെ പരസംഗം അവളുടെമേൽ ചൊരിഞ്ഞു....... കഴുതകളുടെ ലിംഗം പോലെ ലിംഗവും കുതിരകളുടെ ബീജസ്രവണം പോലെ ബീജസ്രവണവുമുളള ജാരൻമാരെ അവൾ മോഹിച്ചു...''. യെഹെ. 23.

പെന്തക്കോസ്തുകാരിൽ ചിലർ അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടുന്നതിനേക്കുറിച്ചു പറയുമ്പോൾ ഡിഫെൻഡർ ഇത്തരം ഭാഷ ഉപയോഗിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? കപട ധാർമ്മികതയുമായി നടക്കുന്ന പെന്തക്കോസ്ത് പുണ്യാളൻമാരോട് ഒരു അപേക്ഷ: ദയവായി നിങ്ങൾ ബൈബിൾ വായിക്കുക. ധാർമ്മികതയ്ക്കും അശ്ലീലത്തിനും നിങ്ങൾ കൊടുക്കുന്ന വ്യാഖ്യാനമല്ല ബൈബിളിലുളളത് എന്ന് അറിയുക.

ദൈവം ഹോശെയാ പ്രവാചകനോട് പരസംഗം ചെയ്യുന്ന ഭാര്യയേയും പരസംഗത്തിൽ ജനിച്ച മക്കളേയും എടുക്കാൻ കല്പിച്ചു. ഹോശെയ 1:2. ഇത് ഗുണ്ടർട്ട് ഇപ്രകാരമാണ് തർജ്ജമ ചെയ്തിരിക്കുന്നത്: ''നീ പോയി നിനക്ക് പുലയാടിച്ചിയേയും പുലയാട്ടു മക്കളേയും എടുത്തുകൊളളുക. നാട് എല്ലാം യഹോവയെ വിട്ട് പുലയാടിപ്പോകുന്നുവല്ലോ''. നാം ഇന്ന് ഉപയോഗിക്കുന്ന ബൈബിൾ ഉണ്ടാകുന്നതിന് കേവലം 25 വർഷം മുൻപാണ് ഗുണ്ടർട്ട് ഇങ്ങനെ എഴുതിയത്. ഭാഷ അറിയാതെ പറ്റിയ അബദ്ധവുമല്ല ഇത്. മലയാളത്തിന് ഡിക്ഷ്ണറി ഉണ്ടാക്കിയ ഗുണ്ടർട്ടിന് മലയാള വാക്കുകളുടെ അർത്ഥം നന്നായി അറിയാമായിരുന്നു.

ഉത്തമഗീതം അശ്ലീല സാഹിത്യമാണോ? ആണെന്ന് ഡിഫെൻഡർ പറയില്ല. അത് ഒരു പ്രേമകാവ്യമാണ്. അതു കൊണ്ട് അതിലുളളത് പ്രേമത്തിന്റെ ഭാഷയാണ്. പ്രേമം അശ്ലീലമല്ല.

ഇതൊക്കെ പറയുമ്പോൾ പലരും പറയും: ''ഇതൊക്കെ പഴയനിയമത്തിലെ കാര്യമല്ലേ. പുതിയനിയമത്തിൽ ഇത്തരം ഭാഷയൊന്നും ഇല്ലല്ലോ''. ശുദ്ധ വിവരക്കേടാണ് ഈ പറയുന്നത്. ബൈബിൾ പഠിക്കാത്തതിന്റെ ഫലം.

ദൈവം നികൃഷ്ടബുദ്ധിക്ക് ഏല്പിച്ചവർ എന്തു ചെയ്യുന്നു എന്ന് പൗലോസ് പറയുന്നു: ''അതുകൊണ്ട് ദൈവം അവരെ അപമാന രാഗങ്ങളിൽ ഏല്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവ വിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷൻമാരും സ്വാഭാവിക സ്ത്രീ ഭോഗം വിട്ട് അന്യോന്യം കാമം ജ്വലിപ്പിച്ച് ആണോട് ആൺ അവലക്ഷണമായത് പ്രവർത്തിച്ചു''. റോമർ 1:26-27.

കളളപ്രവാചകനായ മത്തായിക്കുട്ടിയും ഐ.പി.സിയിലെ പാസ്റ്ററായ ബിജൂ ഐസക്കും പ്രകൃതിവിരുദ്ധ പാപം ചെയ്തു എന്ന് ഡിഫെൻഡറിൽ എഴുതി യപ്പോൾ നെറ്റി ചുളിച്ച വിശുദ്ധൻമാർ ഈ ഭാഗം ബൈബിളിൽ വായിച്ചിട്ടുണ്ടോ ആവോ? പൗലോസ് പറഞ്ഞാൽ പുണ്യം, ഡിഫെൻഡർ പറഞ്ഞാൽ പാപം.

കെ.സി.ജോൺ അമ്മായിയമ്മയു മായി അവിഹിത ബന്ധം പുലർത്തി എന്നും ശാരോനിലെ സി.വി.ജോൺ സ്വന്തം മകളെ ഭാര്യയായി വെച്ചിരിക്കുന്നു എന്നും ഡിഫെൻഡർ പറഞ്ഞപ്പോൾ ഡിഫെൻഡർ അശ്ലീലം പറഞ്ഞു എന്നു വിധിച്ചവർ ''ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നു'' എന്നു പൗലോസ് എഴുതിയത് വായിച്ചിട്ടില്ലേ? വ്യഭിചാരികളായ ടി.എസ്.ഏബ്രഹാം, കെ.സി. ജോൺ തുടങ്ങിയവരെ നീചൻമാർ എന്ന് ഡിഫെൻഡർ വിളിച്ചത് മഹാപാപമായിപ്പോയി എന്നു പറയുന്നവർ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരുന്നവനെ ദുഷ്ടൻ എന്ന് പൗലോസ് വിളിച്ചതിൽ തെറ്റു കാണുന്നില്ല.

''പിശാചിന്റെ മകനേ'' എന്ന് പൗലോസ് ഒരു കളള പ്രവാചകനെ വിളിച്ചത് പുണ്യപ്രവൃത്തി. പെന്തക്കോസ്തിലെ കളളപ്രവാചകൻമാരെ ഡിഫെൻഡർ ഇങ്ങനെ വിളിച്ചാൽ അക്ഷന്തവ്യമായ പാപം. പൗലോസ് പത്രോസിനെ വിമർശിച്ചാൽ കുഴപ്പമില്ല. പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാരെ ആരെങ്കിലും വിമർശിച്ചാൽ കൊടിയ പാപം. ''എന്റെ അഭിഷിക്തനെ തൊടരുത്'' എന്നു പറഞ്ഞ് അലറും. പിൻമാറ്റക്കാരെ പട്ടിയെന്നും പന്നിയെന്നും ഒക്കെ പത്രോസ് വിളിച്ചാൽ കുഴപ്പമില്ല. പക്ഷേ ഡിഫെൻഡർ ഇത്തരം വാക്കുകളൊന്നും ഉപയോഗിക്കരുത്.

കർത്താവായ യേശുക്രിസ്തു ഏതുതരം വാക്കുകളാണ് ഉപയോഗിച്ചത്? ദൈവത്തെ അറിയാത്തവരോട് വളരെ നല്ല ഭാഷയിൽ സംസാരിച്ചു. പക്ഷേ കളളപ്രവാ ചകൻമാരോടും കപട ഭക്തരോടും നിശിതമായ ഭാഷയിൽ പ്രതികരിച്ചു. സർപ്പസന്തതി, വെളളയടിച്ച ചുവര്, കുറുക്കൻ തുടങ്ങി പല വാക്കുകളും കർത്താവായ യേശുക്രിസ്തു ഉപയോഗിച്ചു. ദൈവാലയം ശുദ്ധീകരിക്കാനായി ചാട്ടയെടുത്തു. യേശു സൗമ്യനായിരുന്നെങ്കിലും ഇത്തരം സന്ദർഭങ്ങളിൽ ആ സൗമ്യത കാണുന്നില്ല.

ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊളളാത്ത പത്രമാണ്. കുടുംബമായി ഇരുന്ന് ഈ പത്രം വായിക്കാൻ പറ്റുമോ? ഡിഫെൻഡറിന്റെ പിന്നിൽ സാത്താനാണ്. അങ്ങനെ വിമർശനങ്ങൾ ഒട്ടേറെ. ഈ ലക്കം ഡിഫെൻഡർ അശ്ലീലത്തിന്റെ സകല അതിരും ഭേദിച്ചിരിക്കുന്നു എന്നു പറയാനും ആളുണ്ടാകും. ഈ കപട ധാർമ്മിക വാദികളുടെ പ്രതികരണങ്ങൾക്ക് ഡിഫെൻഡർ ഒരു വിലയും കല്പിക്കുന്നില്ല. ഡിഫെൻഡർ വില കല്പിക്കുന്നത് തിരുവചനാനുസൃതമുളള ധാർമ്മികതയ്ക്കാണ്.

ടി.എസ്.ഏബ്രഹാം കൊച്ചുമോളുടെ പ്രായമുളള പെൺകുട്ടികളെ വ്യഭിചരിക്കുന്നത് പുണ്യം. ഇതിനെതിരെ ഡിഫെൻഡർ പ്രതികരിക്കുന്നത് പാപം. കെ.സി.ജോൺ ലോകമെമ്പാടും സഞ്ചരിച്ച് വ്യഭിചരിക്കുന്നത് തെറ്റല്ല. പക്ഷേ ഡിഫെൻഡർ ഇതിനെതിരെ എഴുതിയാൽ മഹാപാപമായി. വൽസൻ ഐ.പി.സിയുടെ സ്വത്തുക്കൾ മോഷ്ടിക്കുന്നത് പുണ്യകർമ്മം. ഡിഫെൻഡർ വൽസനെ കളളനെന്നു വിളിച്ചാൽ അധമപാതാളത്തിൽ പോകും.

ഡിഫെൻഡറിന്റെ ഭാഷ മോശമാണത്രേ. അത് ആത്മീയർക്ക് യോജിച്ച ഭാഷയല്ലത്രേ. എന്താണ് ആത്മീയഭാഷ? സർപ്പസന്തതി, വെളളയടിച്ച ചുവര് എന്നൊക്കെ കപടഭക്തരെ വിളിക്കുന്നത് ആത്മീയർക്ക് യോജിച്ചതാണോ? അല്ലെങ്കിൽ കർത്താവായ യേശുക്രിസ്തു ആത്മീയനല്ല. ''പിശാചിന്റെ മകനേ'' എന്നു വിളിക്കുന്നത് ആത്മീയർക്ക് യോജിച്ചതാണോ? അല്ലെങ്കിൽ പൗലോസ് പാപം ചെയ്തിരിക്കുന്നു. പിൻമാറ്റക്കാരെ പട്ടി, പന്നി എന്നൊക്കെ വിളിക്കുന്നത് പാപമാണോ? ആണെങ്കിൽ പത്രോസ് ആ പാപം ചെയ്തു. എന്താണ് ഈ പറഞ്ഞു വരുന്നതിന്റെ അർത്ഥം? പറയാം: അശ്ലീലത്തിനും ചീത്തയ്ക്കും മറ്റും നാം കൊടുക്കുന്ന അർത്ഥമല്ല ബൈബിൾ കൊടുക്കുന്നത്. നമ്മുടെ ഇഷ്ടം പോലെ ബൈബിൾ വ്യാഖ്യാനിക്കുകയല്ല മറിച്ച് ബൈബിളിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് നമ്മുടെ വ്യാഖ്യാനം ക്രമീകരിക്കയാണ് വേണ്ടത്.

ഡിഫെൻഡർ മറ്റു പത്രങ്ങളിൽ നിന്നും വ്യത്യസ്ഥമാണെന്നത് ശരിതന്നെ. ഡിഫെൻഡറിനു തുല്യം ഡിഫെൻഡർ മാത്രം. കൺവെൻഷൻ വാർത്തയും നേതാക്കൻമാരുടെ വീര്യപ്രവൃത്തികളും കൊണ്ട് പേജുകൾ നിറയ്ക്കുന്ന പരിപാടി ഡിഫെൻഡറിനില്ല. അപ്രിയ സത്യങ്ങൾ തുറന്നു പറയാൻ ഡിഫെൻഡറിന് ഭയമോ ശങ്കയോ ഇല്ല. എത്ര വലിയ നേതാവ് തെറ്റു ചെയ്താലും അത് തുറന്നു പറയാനും അതിനെ തിരെ പ്രതികരിക്കാനും ഡിഫെൻഡറിന് മടിയില്ല. സത്യം പറയുന്നതുമൂലം ആ രൊക്കെ ശത്രുക്കളായാലും വേണ്ടില്ല.

ഇങ്ങനെയൊക്കെ എഴുതുന്നത് പത്രപ്രവർത്തനമല്ലെന്നും പത്രധർമ്മമല്ലെന്നും മറ്റും പുലമ്പുന്നവർ ശ്രദ്ധിക്കുക: നിങ്ങൾക്ക് പത്രപ്രവർത്തനത്തേപ്പറ്റി ഒരു ചുക്കും അറിഞ്ഞുകൂടാ. അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയൊക്കെ പറയുന്നത്. ഇന്ത്യയിലെ ആദ്യത്തെ പത്രമായ ബംഗാൾ ഗസറ്റിനേക്കുറിച്ച് കേട്ടിട്ടുണ്ടോ? പത്രപ്രവർത്തനത്തിന്റെ പ്രതീകമായ സ്വദേശാഭിമാനി രാമകൃഷ്ണപിളള എന്താണ് ചെയ്തതെന്ന് നിങ്ങൾക്ക് അറിയാമോ? പത്രപ്ര വർത്തനത്തിന്റെ ആദ്യാക്ഷരങ്ങളെങ്കിലും നിങ്ങൾ പഠിച്ചിട്ടുണ്ടോ?

ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊളളില്ല എന്നു പറയുന്നവർ മനോരമയും മാതൃഭൂമിയും മറ്റും മുറ്റത്തിരുന്ന് വായിച്ചിട്ട് കത്തിച്ചു കളയുകയാണോ ചെയ്യുന്നത്? കൊളളയും കൊലയും പെൺവാണിഭവും ബലാൽസംഗവും ഒക്കെയല്ലേ പത്രങ്ങളിലെ പ്രധാന വിഭവങ്ങൾ? ഇതിന്റെയൊക്കെ വിശദാംശങ്ങൾ വീട്ടിലിരുന്നു വായിക്കാൻ നിങ്ങൾക്ക് മടിയില്ല. പക്ഷേ ഡിഫെൻഡർ കുളത്തൂപ്പുഴ സംഭവത്തേ ക്കുറിച്ചെഴുതിയപ്പോൾ ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊളളാത്തതായി.

(നേതാക്കൻമാർ പാപം ചെയ്താൽ അവരോട് ദൈവം ചോദിക്കട്ടെ എന്ന് ചിലർ പറയുന്നു. പക്ഷേ നേതാക്കൻമാർക്കെതിരെ ഡിഫെൻഡർ എഴുതിയാൽ ദൈവമല്ല പെന്തക്കോസ്തുകാർ തന്നെ ചോദിക്കും).


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. ഡൊമെയിൻ, ബെബ് സ്പേസ്, ഒരു ഹോംപേജ്.

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# ബാലനും മകനും എങ്ങനെ കുറ്റവാളികളായി?

**?** ഇന്റർനെറ്റ് കേസ്സിൽ ബാലനും മകനും കുറ്റവാളികളാണെന്ന് കോടതി കണ്ടെത്തുകയും ശിക്ഷ വിധിക്കയും ചെയ്തു എന്നു കേട്ടല്ലോ.

■ ബാലനേയും മകനേയും കോടതി ശിക്ഷിച്ചു എന്നത് ശരി തന്നെ. ഈ വിധി ജില്ലാക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. കേസ്സ് ഇപ്പോൾ ജില്ലാ കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതി, സുപ്രീംകോടതി എന്നിങ്ങനെ രണ്ടു കോടതികൾ കൂടി ബാക്കിയുണ്ട്. ഏതെങ്കിലും ഒരു കോടതിയിൽ നിന്ന് ഞങ്ങൾക്ക് നീതികിട്ടും എന്നാണ് പ്രതീക്ഷ.

**?** ഇന്റർനെറ്റ് കേസ്സിന്റെ യഥാർത്ഥ വസ്തുതകൾ എന്താണെന്ന് വിശദീകരിക്കാമോ?

■ പാസ്റ്റർ ടി.എസ്.ഏബ്രഹാം 2002 മാർച്ച് 5ന് പോലീസിൽ കൊടുത്ത പരാതിയാണ് സൈബർ കേസ്സായി വളർന്നത്. അതേപ്പറ്റി പറയുന്നതിനു മുൻപായി ഈ കേസ്സിലേക്ക് നയിച്ച സംഭവങ്ങൾ അറിഞ്ഞിരിക്കണം.

ഏഴു വർഷം മുൻപ് ഹിന്ദുവിശ്വയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം എന്റെ ശ്രദ്ധയിൽ പെട്ടു. (ഈ ലേഖനം പിന്നീട് മസ്ദൂർ ഭാരതിയിൽ വരുകയും ചെയ്തു). കുമ്പനാട് ഐ.പി.സിയുടെ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിന്റെ ദുർന്നടപടികളേക്കുറിച്ച് ഈ ലേഖനത്തിൽ വിശദമായി എഴുതിയിരുന്നു. ടി.എസ്.ഏബ്രഹാം കോടിക്കണക്കിന് രൂപ വെട്ടിച്ചതും വനിതാ ബൈബിൾ കോളേജിൽ പഠിക്കാനെത്തുന്ന പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നതും മറ്റുമായിരുന്നു ലേഖനത്തിൽ ഉണ്ടായിരുന്നത്. കുളത്തൂപ്പുഴക്കാരിയായ ഒരു പെൺകുട്ടി ഗർഭിണിയായതും ഗർഭം അലസിപ്പിച്ച് തലയൂരിയതും ലേഖനത്തിൽ വിവരിച്ചിരുന്നു. പക്ഷേ ഇതൊക്കെ വെറും കെട്ടുകഥയാണെന്നത്രേ എനിക്കു തോന്നിയത്. അതുകൊണ്ട് ഇത് പ്രസിദ്ധീകരിച്ചവർക്കെതിരെ മാനനഷ്ടക്കേസ് കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ഞാൻ ടി.എസ്.ഏബ്രഹാമിന് കത്തെഴുതി. എന്നാൽ ടി. എസ്.ഏബ്രഹാം പ്രതികരിച്ചില്ല.

ടി.എസ്.ഏബ്രഹാമിന്റെ മൗനം എന്നിൽ സംശയം ജനിപ്പിച്ചു. അതുകൊണ്ട് ഞാൻ വീണ്ടും അദ്ദേഹത്തിന് കത്തെഴുതി. ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണെങ്കിൽ ടി.എസ്.ഏബ്രഹാം രാജിവെച്ച് പുറത്തു പോകണമെന്നും ലേഖനത്തിലെ ആരോപണങ്ങൾ വ്യാജമാണെങ്കിൽ മാനനഷ്ടക്കേസ് കൊടുക്കണമെന്നും ഞാൻ തീർത്തു പറഞ്ഞു. ആ കത്തിനും മറുപടി കിട്ടിയില്ല. അതോടെ എനിക്ക് ഒരു കാര്യം ബോധ്യമായി. ഹിന്ദുവിശ്വയിലെ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണ്. ടി.എസ്.ഏബ്രഹാം നീചനാണ്. ഇയാൾ ഇനി ഒരു പെന്തക്കോസ്ത് സംഘടനയുടെ പ്രസിഡന്റായി ഇരിക്കരുത്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഐ.പി.സിയുടെ എല്ലാ ഭാരവാഹികൾക്കും ഞാൻ കത്തയച്ചു. അവരും പ്രതികരിച്ചില്ല. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് ഞാൻ ഡിഫെൻഡറിൽ എഴുതി. അതോടെ പെന്തക്കോസ്ത് നേതാക്കൻമാരുടെ വിശ്വരൂപം പുറത്തുവന്നു. കത്തിലൂടെയും ഫോണിലൂടെയും അവർ തെറിയഭിഷേകം നടത്തി. എന്നെ കൊന്നുകളയുമെന്നുവരെ ഭീഷണിയുണ്ടായി.

അക്കാലത്ത് ഐ.പി.സിയുടെ കേരളാ സ്റ്റേറ്റ് സെക്രട്ടറി ആയിരുന്നു പാസ്റ്റർ കെ.സി.ജോണിനെ ഞാൻ ഒരു ദിവസം തിരുവല്ലയിൽ വെച്ച് കണ്ടു. ടി.എസ്.ഏബ്രഹാമിനെതിരെ എന്തുകൊണ്ട് നടപടി എടുക്കുന്നില്ല എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. പണവും സ്വാധീനവുമുള്ള ടി.എസ്.ഏബ്രഹാമിനെതിരെ ഐ.പി.സിയിലുള്ള ആരും വായ് തുറക്കുകയില്ല എന്ന് കെ.സി.ജോൺ വ്യക്തമാക്കി. മാത്രമല്ല, കുളത്തൂപ്പുഴക്കാരിയുടെ സംഭവം ആദ്യത്തേതല്ല എന്നും അദ്ദേഹം പറഞ്ഞു. വ്യഭിചാരം ടി.എസ്.ഏബ്രഹാമിന്റെ ജീവിതത്തിന്റെ ഭാഗമാണ്. ബൈബിൾ കോളേജിൽ പഠിക്കാൻ വന്നിട്ടുള്ള പെൺകുട്ടികളിൽ വളരെ കുറച്ചുപേർ മാത്രമേ ടി.എസ്.ഏബ്രഹാമിന്റെ പീഡനത്തിന് ഇരയാകാതെ രക്ഷപെട്ടിട്ടുള്ളൂ. ബംഗ്ലാവ് ഡ്യൂട്ടി എന്ന പേരിൽ രാത്രി 10 മണി കഴിഞ്ഞ് പെൺകുട്ടികളെ സ്വന്തം ബംഗ്ലാവിൽ വിളിച്ചു വരുത്തിയാണ് ലൈംഗിക പീഡനം നടത്തുന്നത്. പണം, വസ്ത്രം തുടങ്ങി പലതും നൽകി പെൺകുട്ടികളുടെ വായ് അടയ്ക്കുകയും ചെയ്യും. ദൈവത്തിന്റെ പ്രതിപുരുഷനായ ടി.എസ്.ഏബ്രഹാമിനെതിരെ ശബ്ദിച്ചാൽ ദൈവം കോ പിക്കും എന്നാണ് ഈ പാവം പെൺകുട്ടികൾ ധരിച്ചുവെച്ചിരിക്കുന്നത്. അതുകൊണ്ട് അവർ നിശബ്ദത പാലിച്ചു. എങ്കിലും ഈ ഹീന കൃത്യങ്ങളുമായി പൊരുത്തപ്പെടാൻ തയ്യാറാകാത്തവരുംഉണ്ടായിരുന്നു. അവർ പഠിപ്പ് നിർത്തി വീട്ടിലേക്ക് മടങ്ങും. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ അന്ന് കെ.സി.ജോൺ എന്നോട് പറഞ്ഞു.

ഈ കഥകളൊക്കെ കേട്ട് ഞാൻ തരിച്ചിരുന്നു. ഇതൊന്നും എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ ചില അന്വേഷണങ്ങളൊക്കെ നടത്തി. കെ.സി.ജോൺ പറഞ്ഞതൊക്കെ സത്യമാണെന്ന് തെളിഞ്ഞു. അതോടൊപ്പം വിചിത്രമായ മറ്റൊരു സത്യവും പുറത്തുവന്നു. കെ.സി.ജോണും മേല്പടി തന്നെ. ടി.എസ്.ഏബ്രഹാമിനേപ്പോലെതന്നെയുള്ള ഒരു വ്യഭിചാരിയാണ് പാസ്റ്റർ കെ.സി.ജോൺ. തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കും. കോളേജിൽ പഠിച്ചിരുന്ന കാലത്ത് ഒരു റെയിൽവേ ഉദ്യോഗസ്ഥന്റെ ഭാര്യയുമായി കെ.സി.ജോൺ അവിഹിതബന്ധം പുലർത്തിയിരുന്നു. പിന്നീട് ആ സ്ത്രീയുടെ മകളെ വിവാഹം കഴിച്ചു. അമ്മയേയും മകളേയും ഒരേ സമയം ഭാര്യയായി വെച്ചുകൊണ്ടിരിക്കാമെന്നതായിരുന്നു പദ്ധതി. പക്ഷേ അത് ഭാര്യയ്ക്ക് ഇഷ്ടമായില്ല. അതുകൊണ്ട് അമ്മായിയമ്മയെ ഉപേക്ഷിച്ചു.

പെന്തക്കോസ്ത് സഭകളുടെ തലപ്പത്തിരിക്കുന്നത് ഇത്തരം നീചൻമാരാണെന്ന വസ്തുത സാധാരണക്കാരും സാധുക്കളുമായ വിശ്വാസികളെ എന്റെ പത്രമായ ഡിഫെൻഡറിലൂടെ അറിയിക്കാൻ ഞാൻ തീരുമാനിച്ചു. തുടർന്നുള്ള ചില ലക്കങ്ങളിൽ ഞാൻ ഈ വിഷയങ്ങളേക്കുറിച്ച് എഴുതി. പിന്നീട് നടന്നതൊക്കെ എഴുതാൻ കുറച്ചധികം പേജുകൾ വേണ്ടിവരും. ഒട്ടേറെ കള്ളക്കേസ്സുകൾ പെന്തക്കോസ്ത് നേതാക്കൻമാർ എനിക്കെതിരേ കൊടുത്തു. അവയിൽ അവസാനത്തേതാണ് സൈബർ കേസ്സ്.

സൈബർ കേസ്സിന്റെ കഥ ആരംഭിക്കുന്നത് 2001ന്റെ അവസാന മാസങ്ങളിലാണ്. ടി.എസ്.ഏബ്രഹാമിനേയും കുടുംബത്തേയും അവഹേളിക്കുന്ന ചില വ്യാജ ഈമെയിൽ സന്ദേശങ്ങൾ പ്രചരിക്കുന്നതായി ചിലർ എന്നെ അറിയിച്ചു. ചിലർ ഏതാനും ഈമെയിൽ എനിക്ക് ഫോർവേഡ് ചെയ്യുകയും ചെയ്തു. ഗുരുതരമായ പാപങ്ങൾ ചെയ്യുന്ന വ്യക്തിയാകയാൽ എനിക്ക് ടി.എസ്.ഏബ്രഹാമിനോട് വിയോജിപ്പുണ്ട്. അത് ഞാൻ പരസ്യമായി ഡിഫെൻഡറിലൂടെ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഊമക്കത്തും വ്യാജ ഈമെയിലും മറ്റും അയച്ച് ആരേയെങ്കിലും അപമാനിക്കുന്ന രീതിയോട് എനിക്ക് പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. അതുകൊണ്ട് വ്യാജ ഈമെയിൽ അയക്കുന്ന നടപടിയെ അപലപിച്ചുകൊണ്ടും ഈ ഹീനകൃത്യം ചെയ്യുന്നവർ അത് നിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഞാൻ ഡിഫെൻഡറിൽ ലേഖനം എഴുതി.

2002 ഏപ്രിൽ 22ന് രാവിലെ ഞങ്ങളുടെ കതകിൽ ആരോ തട്ടുന്ന ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. വാതിൽ തുറന്നപ്പോൾ ഒരു പോലീസ് പടയെയാണ് കണ്ടത്. പത്തനംതിട്ട ഡി.വൈ.എസ്.പി. (ഇപ്പോൾ കോട്ടയം ക്രൈംബ്രാഞ്ച് എസ്.പി.) രാമചന്ദ്രൻ നായരും സംഘവുമാണ് അതെന്ന് താമസിയാതെ മനസ്സിലായി. വ്യാജ ഈമെയിൽ അയച്ചത് ഞങ്ങളാണെന്നും അതേപ്പറ്റി അന്വേഷിക്കാനാണ് പോലീസ് എത്തിയതെന്നും അദ്ദേഹം ഞങ്ങളെ അറിയിച്ചു. വ്യാജ ഈമെയിലുമായി ഞങ്ങൾക്ക് ഒരു ബന്ധവുമില്ല എന്ന് ഞങ്ങൾ പറഞ്ഞെങ്കിലും അദ്ദേഹം അത് അവഗണിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ചെറുപ്പക്കാരൻ ഞങ്ങളുടെ വീട്ടിൽ എത്തി. അയാൾ ആരാണെന്ന് അപ്പോൾ മനസ്സിലായില്ല. പേര് ശ്രീജു എന്നാണെന്ന് മാത്രം അറിഞ്ഞു. ഉച്ചവരെ ശ്രീജു ഞങ്ങളുടെ കമ്പ്യൂട്ടർ പരിശോധിച്ചു. പക്ഷേ കുറ്റകരമായ ഒന്നും കണ്ടെത്തിയില്ല.

ഉച്ചഭക്ഷണം കഴിച്ചശേഷം ഡി.വൈ.എസ്.പിയും ശ്രീജുവും കുറച്ചുസമയം രഹസ്യ സംഭാഷണം നടത്തി. അതു കഴിഞ്ഞ് ഡി.വൈ.എസ്.പി. കമ്പ്യൂട്ടർ ഇരിക്കുന്ന മുറിയിൽ നിന്ന് ഞങ്ങളെ പുറത്താക്കി. തുടർന്നുള്ള രണ്ടു മണിക്കൂർ സമയം ശ്രീജു ഒറ്റയ്ക്കിരുന്ന് കമ്പ്യൂട്ടറർ പരിശോധിച്ചു. അതിനുശേഷം ഡി.വൈ.എസ്.പിയുമായി കുറെ സമയം വീണ്ടും സംസാരിച്ചു. കുറച്ചു കഴിഞ്ഞ് ഡി.വൈ.എസ്.പി. ഞങ്ങളെ അടുത്തുവിളിച്ചു. ഞാനോ എന്റെ രണ്ടു മക്കളിൽ ഒരാളോ അറസ്റ്റ് വരിക്കണമെന്ന് ശഠിച്ചു. എനിക്ക് കഠിനമായ പ്രമേഹം ഉള്ളതുകൊണ്ടും എന്റെ മൂത്ത മകൻ ബി.എ. അവസാന വർഷ പരീക്ഷ എഴുതുന്ന സമയമായിരുന്നതുകൊണ്ടും എന്റെ രണ്ടാമത്തെ മകനായ അനീഷ് അറസ്റ്റ് വരിച്ചു. കമ്പ്യൂട്ടർ അഴിച്ചെടുത്ത് ജീപ്പിൽ വെച്ച ശേഷം അയൽക്കാരേക്കൊണ്ട് പോലീസ് എന്തൊക്കെയോ പേപ്പറിൽ ഒപ്പിടുവിച്ചു. അതിനുശേഷം അനീഷുമായി പോലീസ് പത്തനംതിട്ടയിലേക്ക് പോയി.

എന്റെ കൈയ്യിൽ ആകെ 150 രൂപ മാത്രമാണ് ഉണ്ടായിരുന്നത്. വളരെ ബുദ്ധിമുട്ടി കുറെ പണം കടം വാങ്ങി. പിറ്റേന്നു മുതൽ ജാമ്യത്തിനുള്ള ശ്രമം ആരംഭിച്ചു. 11 ദിവസം കഴിഞ്ഞ് അനീഷിന് ജാമ്യം കിട്ടി. പക്ഷേ ഏതാനും ദിവസം കഴിഞ്ഞ് പോലീസ് ഞങ്ങളുടെ വീട്ടിലെത്തി. അവർ അനീഷിനെ വീണ്ടും കസ്റ്റഡിയിൽ എടുത്തു. അന്നു വൈകിട്ട് എറണാകുളത്ത് ഇറക്കി വിടുകയും ചെയ്തു. മടങ്ങി വരാൻ വണ്ടിക്കൂലി പോലും അവന്റെ കൈയിൽ ഇല്ലായിരുന്നു. എങ്കിലും ഒരു സുഹൃത്തിന്റെ സഹായത്തോടെ അവൻ വീട്ടിലെത്തി.

എന്നെ അറസ്റ്റ് ചെയ്യാനും പോലീസിന് പദ്ധതിയുണ്ട് എന്ന് മനസ്സിലായപ്പോൾ ഞാൻ എറണാകുളം സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ കൊടുത്തു. അപേക്ഷ പരിഗണിച്ച കോടതി പോലീസിനോട് സി.ഡി. ഹാജരാക്കാൻ ആവശ്യപ്പെടുകയും മെയ് 22 വരെ എന്നെ അറസ്റ്റ് ചെയ്യരുതെന്ന് ഉത്തരവിടുകയും ചെയ്തു. പക്ഷേ വിവരം അറിഞ്ഞയുടൻ പോലീസ് എന്നെ അറസ്റ്റ് ചെയ്യാൻ പദ്ധതിയൊരുക്കി. അങ്ങനെ 2002 മെയ് 17ന് അവർ എന്നെ അറസ്റ്റ് ചെയ്യുകയും മെയ് 18ന് അറസ്റ്റ് ചെയ്തു എന്ന് രേഖയുണ്ടാക്കി കോടതിയിൽ ഹാജരാക്കുകയും ചെയ്തു. (അറസ്റ്റ് ചെയ്തത് മെയ് 17ന് ആയിരുന്നു എന്ന് ഡി.വൈ.എസ്.പി. കോടതിയിൽ മൊഴി കൊടുത്തിട്ടുണ്ട്). ആറു ദിവസത്തിനശേഷം ഞാൻ ഹൈക്കോടതിയിൽ നിന്ന് ജാമ്യമെടുത്ത് പുറത്തിറങ്ങി.

കോടതി ഉത്തരവ് ലംഘിച്ച് എന്നെ അറസ്റ്റ് ചെയ്തതിന് ഞാൻ ഹൈക്കോടതിയിൽ കോർട്ട് അലക്ഷ്യ കേസ് കൊടുത്തെങ്കിലും കേസ്സ് തുടർന്നു നടത്താൻ പണമില്ലാതായതുകൊണ്ട് അത് അവസാനിപ്പിച്ചു.

ഒരു വർഷം കഴിഞ്ഞ് കേസ്സ് പത്തനംതിട്ട സി.ജെ.എം. കോടതിയിൽ വിചാരണ തുടങ്ങി. ആദ്യ ദിവസം തന്നെ ഞങ്ങൾക്ക് കുറ്റപത്രത്തിന്റെ കോപ്പി ലഭിച്ചു. അപ്പോഴാണ് പോലീസ് നടത്തിയ തിരിമറിയുടെ ഭീകരത ഞങ്ങൾ അറിയുന്നത്. ഞങ്ങളുടെമേൽ കുറ്റം അടിച്ചേൽപ്പിക്കാനായി ഒട്ടേറെ വ്യാജ രേഖകൾ പോലീസ് ചമച്ചിരുന്നു. എങ്കിലും കമ്പ്യൂട്ടർ ഉപയോഗിച്ച് വ്യാജ രേഖ ചമയ്ക്കുന്ന വിഷയത്തിൽ മുൻപരിചയമില്ലാത്തതുകൊണ്ട് കുറെ അബദ്ധങ്ങളും പറ്റി. അവയേക്കുറിച്ചെല്ലാം വിവരിക്കാൻ ഏറെ സ്ഥലം വേണം. അതുകൊണ്ട് ചിലതുമാത്രം പറയാം.

കുറ്റപത്രത്തോടൊപ്പം ലഭിച്ച എഫ്.ഐ.ആറിൽ നിന്നും ഞങ്ങൾ ചില കാര്യങ്ങൾ മനസ്സിലാക്കി. കെ.ഇ.ഏഹ്രബാം ഫൗണ്ടേഷനിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന മാത്യു വർഗീസ് എന്നൊരാൾ 2001ന്റെ അവസാന മാസങ്ങളിൽ പിണങ്ങി പിരിഞ്ഞിരുന്നു. ഓഫീസിലെ കണക്കുകളും മറ്റും അയാൾ കമ്പ്യൂട്ടറിൽ നിന്നും മായ്ചുകളഞ്ഞതിനു ശേഷമാണ് സ്ഥലം വിട്ടത്. മാത്രമല്ല, അയാൾ പിണങ്ങി പിരിഞ്ഞതിനുശേഷമാണ് വ്യാജ ഈമെയിലുകൾ പ്രചരിക്കാൻ തുടങ്ങിയത്. അതുകൊണ്ട് ടി.എസ്.ഏബ്രഹാം 2002 മാർച്ച് 5ന് പോലീസിന് കൊടുത്ത പരാതിയിൽ മാത്യു വർഗീസും അയാളുടെ കീഴിൽ ജോലി ചെയ്യുന്ന മറ്റു ചിലരും ചേർന്ന് വ്യാജ ഈമെയിൽ അയക്കുന്നതായാണ് എഴുതിയിരിക്കുന്നത്. അതായത്, എഫ്.ഐ.ആറിൽ ടി.എസ്.ബാലനും മകനും ഇല്ല. കേസ്സിന്റെ അന്വേഷണം ആരംഭിച്ചപ്പോൾ മാത്യു വർഗീസിന്റെ മാതാപിതാക്കൾ ടി.സ്.ഏബ്രഹാമിനെ കണ്ട് മകനുവേണ്ടി സംസാരിച്ചു. അങ്ങനെ മാത്യു വർഗീസിനെ കേസ്സിൽ നിന്ന് ഒഴിവാക്കി.

ഒന്നാംതരം ഒരു കേസ്സുണ്ട്. പണം മുടക്കാൻ തയ്യാറായി ടി.എസ്.ഏബ്രഹാമുണ്ട്. പക്ഷേ നല്ല ഒരു പ്രതിയില്ല. എന്തുചെയ്യും. അങ്ങനെയിരിക്കുമ്പോഴാണ് ടി.എസ്.ബാലനേക്കുറിച്ച് ടി.എസ്. ഏബ്രഹാം ഓർക്കുന്നത്. ബാലനെ ഒതുക്കാൻ നല്ല ചാൻസാണിത്. തുടർന്ന് അതിനുള്ള ശ്രമമായി. ശ്രീജുവിന്റെ സഹായത്തോടെ ആവശ്യമായ രേഖകൾ കെട്ടിച്ചമച്ചുണ്ടാക്കി. എഫ്.ഐ.ആറിൽ ഇല്ലാത്ത ബാലനും മകനും കേസ്സിൽ പ്രതികളായത് ഇങ്ങനെയാണ്.

2001 നവംബർ മുതൽ വ്യാജ ഈമെയിൽ പ്രചരിച്ചിരുന്നെങ്കിലും 2002 ജനുവരി 18 മുതൽ ഫെബ്രുവരി 25 വരെയുള്ള കാലത്ത് ആരോ അയച്ച വ്യാജ ഈമെയിലുകൾ ബാലന്റേതാണെന്ന് വരുത്തി തീർക്കാൻ ആവശ്യമായതെല്ലാം ചെയ്തു. (വിശദവിവരങ്ങൾ ഏഴാം പേജിൽ). മുൻനിശ്ചയപ്രകാരം 2002 ഏപ്രിൽ 22ന് പോലീസും ശ്രീജുവും ഞങ്ങളുടെ വീട്ടിലെത്തി.

കുറ്റപത്രം കിട്ടിയപ്പോഴാണ് ശ്രീജു ആരാണെന്നു മനസ്സിലായത്. പോലീസ് എഴുതിയ മഹസ്സറിൽ ശ്രീജുവിനേപ്പറ്റി ഇപ്രകാരം പറയുന്നു: ''കെ.ഇ.ഏബ്രഹാം ഫൗണ്ടേഷനിൽ മൈക്രോസോഫ്റ്റ് കൾസൾട്ടൻസിയായി പ്രവർത്തിക്കുന്ന ശ്രീജു പി.ശ്രീധർ''. ഇയാൾ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനാണെന്ന് ചുരുക്കം. പോലീസിൽ നിരവധി കമ്പ്യൂട്ടർ വിദഗ്ദ്ധർ ഉള്ളപ്പോൾ വാദിയുടെ ജോലിക്കാരനെ എന്തിന് പോലീസ് കൊണ്ടുവന്നു? ഉത്തരം വ്യക്തം: ബാലനെതിരെ തെളിവുണ്ടാക്കാൻ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരൻ ആവശ്യമാണ്. കേസ്സ് അന്വേഷിക്കാൻ ശ്രീജുവിന്റെ സഹായം അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യമായെന്ന് ഡി.വൈ.എസ്.പി. കുറ്റപത്രത്തിൽ പറയുന്നുമുണ്ട്. ശരിതന്നെ. ശ്രീജുവിന്റെ സഹായമില്ലായിരുന്നെങ്കിൽ പോലീസിന് ബാലനെതിരെ തെളിവുണ്ടാക്കാൻ പറ്റുമായിരുന്നില്ല.

ശ്രീജുവിനെ ഉപയോഗിക്കാൻ അനുവാദം ആവശ്യപ്പെട്ട് ഡി.ഐ.എസ്.പി. 2002 മാർച്ച് 11ന് പത്തനംതിട്ട എസ്.പിക്ക് കത്തെഴുതിയെന്നും 2002 മെയ് 15ന് അനുവാദം കിട്ടിയെന്നും കുറ്റപത്രത്തിൽ പറയുന്നു. പക്ഷേ പോലീസ് ശ്രീജുവുമായി എന്റെ വീട്ടിൽ എത്തിയത് 2002 ഏപ്രിൽ 22ന് ആയിരുന്നു. അനുവാദം കിട്ടുന്നതിന് മൂന്നാഴ്ച മുൻപാണ് ശ്രീജു എന്റെ കമ്പ്യൂട്ടർ പരിശോധിച്ചതെന്നു വ്യക്തം. കേസ്സിന്റെ വിചാരണയിൽ ഇത് പ്രശ്നമായി. അപ്പോൾ ഡി.വൈ.എസ്.പി. ശ്രീജുവിനെ ഉപയോഗിക്കാൻ

(അടുത്ത പേജിൽ തുടരുന്നു....)

# കൃപയും കൃപാവരങ്ങളും ശിക്ഷയും

? ബാലൻ പ്രമേഹരോഗി ആയത് ദൈവദാസൻമാരെ അവഹേളിച്ചതിന് ദൈവം കൊടുത്ത ശിക്ഷയാണ്.

■ ദൈവവചനം പഠിക്കാത്തതുകൊണ്ടാണ് ഇത്തരം വിവരക്കേടുകൾ പറയുന്നത്. റ്റി.എസ്.ബാലൻ മാത്രമല്ല ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കൻമാരും പ്രമേഹ രോഗികളാണ്. അവരേയും ദൈവം ശിക്ഷിച്ചതാണോ?

? ദൈവവചനത്തിൽ നല്ല പരിജ്ഞാനമുള്ള ബാലൻ ഇനിയെങ്കിലും ഇതൊക്കെ വിട്ട് ദൈവവേല ചെയ്യണം.

■ ദൈവവേല എന്നാൽ എന്ത് എന്ന് അറിയാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്. തിൻമയ്ക്കെതിരെ പോരാടുന്നത് ദൈവവേലയാണ്. യോഹന്നാൻ സ്നാപകനും കർത്താവും പൗലോസും മറ്റും ഇങ്ങനെ ചെയ്തിട്ടുമുണ്ട്. ഞാൻ ഇപ്പോൾ ചെയ്യുന്നതും ദൈവവേലയാണ്.

? ടി.എസ്.ഏബ്രഹാം, വൽസൻ ഏബ്രഹാം, കെ.സി. ജോൺ, സുരേഷ് ബാബു തുടങ്ങിയവരെയൊക്കെ ബാലൻ നിരന്തരം വിമർശിച്ചിട്ടും ദൈവം അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. അവർ തെറ്റുകാരല്ല എന്നതിന് തെളിവല്ലേ ഇത്?

■ എന്ത് അനുഗ്രഹമാണ് അവർക്ക് ലഭിക്കുന്നതെന്ന് അറിഞ്ഞുകൂടാ. അവർക്ക് പണമുണ്ടാകുന്നു, ബഹുമാനം ലഭിക്കുന്നു, സ്റ്റേജുകൾ ലഭിക്കുന്നു തുടങ്ങിയവയാണ് സൂചിപ്പിക്കുന്നതെങ്കിൽ ഇവയൊക്കെ ദൈവീകാനുഗ്രഹങ്ങളാണെന്ന് ദൈവവചനത്തിൽ എവിടെയാണ് പറയുന്നത് എന്നുകൂടി വ്യക്തമാക്കണം. പണവും പ്രതാപവും ഉള്ളവർ അനുഗ്രഹിക്കപ്പെട്ടവരും ഇവയൊന്നുമില്ലാത്തവർ ശപിക്കപ്പെട്ടവരും എന്നാണ് പറയുന്നതെങ്കിൽ ധനവാന്റേയും ലാസറിന്റേയും കഥ ഒരുവട്ടംകൂടി വായിക്കുക. അപ്പോൾ സത്യമറിയാം.

? ബാലൻ പറയുന്നതുപോലെയുള്ള തെറ്റുകൾ ചെയ്തവരാണ് ഈ പെന്തക്കോസ്ത് നേതാക്കൻമാരെങ്കിൽ അവരെ ദൈവം ശിക്ഷിക്കാത്തതെന്തേ?

■ ദൈവം തന്റെ മക്കളെ ഈ ലോകത്തിൽ വെച്ചുതന്നെ ശിക്ഷിക്കും. കാരണം അവർ ഈ ലോകത്തോടുകൂടി ശിക്ഷാവിധിയിൽ അകപ്പെടാനുള്ളവരല്ല. ബാലശിക്ഷ എന്നാണ് ഈ ശിക്ഷയുടെ പേര്. പക്ഷേ ദൈവമക്കളല്ലാത്തവരെ - കൗലടേയൻമാരെ - ദൈവം ഇവിടെവച്ച് ശിക്ഷിക്കയില്ല. അവർക്കുള്ള ശിക്ഷ വെള്ളസിംഹാസനത്തിന്റെ മുൻപിൽ വച്ച് ലഭിക്കും. പെന്തക്കോസ്ത് നേതാക്കൻമാർക്ക് ശിക്ഷ കിട്ടാത്തത് അവർ ദൈവമക്കളല്ല കൗടലേയൻമാരായതുകൊണ്ടാണ്.

? ഈ നേതാക്കൻമാർ കുറ്റക്കാരാണെങ്കിൽ അവർക്ക് എങ്ങനെ ഇത്ര നന്നായി പ്രസംഗിക്കാൻ കഴിയുന്നു?

■ മന;സാക്ഷിക്കുത്ത് ഇല്ലാത്തവർക്ക് ഇങ്ങനെ പ്രസംഗിക്കാൻ ശങ്ക തോന്നുകയില്ല.

? ഈ നേതാക്കൻമാർ മഹാപാപികളാണെങ്കിൽ ഇവരിലൂടെ അത്ഭുതങ്ങൾ നടക്കുന്നതെങ്ങനെ?

■ ഇന്ത് അത്ഭുതമാണാവോ ഇവരിലൂടെ നടക്കുന്നത്? നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്നു പറഞ്ഞ് ജനവഞ്ചന നടത്താൻ ഇവർക്ക് കഴിയുന്നു എന്നുമാത്രം. അത്ഭുതങ്ങൾ നടക്കുന്നുണ്ട് എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രശ്നം തീരുന്നില്ല. ദൈവത്തെ അറിയാത്തവരും ദൈവം അറിയാത്തവരും അത്ഭുതങ്ങൾ ചെയ്യും. പക്ഷേ ഇവരെ ദൈവം പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും.

? എല്ലാവരുടേയും കുറ്റം പറയുന്ന ബാലൻ എന്തുകൊണ്ട് ആരുടേയും ഗുണം പറയുന്നില്ല?

■ ഞാൻ ആരേക്കുറിച്ചെങ്കിലും നല്ലവാക്ക് പറഞ്ഞാൽ ആ വ്യക്തി എന്റെ സഹായിയാണ് എന്ന് വ്യാഖ്യാനിക്കയും അദ്ദേഹത്തെ ഒറ്റപ്പെടുത്തുകയും ചെയ്യും. യഥാർത്ഥ ദൈവദാസൻമാർക്ക് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒഴിവാക്കണമെന്നാണ് എന്റെ ആഗ്രഹം. അതുകൊണ്ടാണ് ഞാൻ ദൈവദാസൻമാരെ പുകഴ്ത്തി എഴുതാത്തത്. എങ്കിലും പലരേയും പ്രശംസിച്ച് ഞാൻ എഴുതിയിട്ടുമുണ്ട്.

? ബാലനും മകനും നിരപരാധികൾ ആണെങ്കിൽ ദൈവം എന്തുകൊണ്ട് കേസ്സിൽ നിന്ന് രക്ഷിച്ചില്ല?

■ ദൈവവചനം പഠിക്കാത്തതുകൊണ്ടാണ് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്. അധികാരികളുടെ കൈയ്യിൽ നിന്നും കർത്താവ് തന്റെ ദാസൻമാരെ വിടുവിച്ചിട്ടുണ്ട് എന്നതു ശരിതന്നെ. പക്ഷേ വിടുവിക്കാത്ത സംഭവങ്ങളാണ് ഭൂരിപക്ഷവും. ദൈവം എല്ലാവരേയും എല്ലായ്പ്പോഴും വിടുവിച്ചിരുന്നെങ്കിൽ രക്തസാക്ഷികൾ ഉണ്ടാകുമായിരുന്നില്ല.

? ബാലൻ ദൈവദാസനാണെങ്കിൽ എന്തുകൊണ്ട് ദൈവാനുഗ്രഹം പ്രാപിക്കുന്നില്ല?

■ അനുഗ്രഹം എന്ന വാക്കിന് പണം എന്നാണ് അർത്ഥമെങ്കിൽ ഞാൻ അനുഗ്രഹം പ്രാപിച്ചിട്ടില്ല. ഇന്നത്തെ തിയോളജി അനുസരിച്ച് ധനവാൻ അനുഗ്രഹിക്കപ്പെട്ടവനും ദരിദ്രനും രോഗിയുമായ ലാസർ ശപിക്കപ്പെട്ടവനുമാണല്ലോ. പക്ഷേ ദൈവവചനം വാഗ്ദാനം ചെയ്യുന്ന എല്ലാവിധ അനുഗ്രഹങ്ങളും ഞാൻ പ്രാപിച്ചിട്ടുണ്ട്. എനിക്കും കുടുംബത്തിനും അതു മതി.

? കൃപാവരപ്രാപ്തരായ ദൈവദാസൻമാരെ ബാലൻ ഇങ്ങനെ നിരന്തരം അവഹേളിക്കുന്നതെന്തിന്?

■ കൃപാവരത്തേയോ കൃപാവരപ്രാപ്തരേയോ ഞാൻ നാളിതുവരെ അവഹേളിച്ചിട്ടില്ല. പക്ഷേ കൃപാവരപ്രാപ്തരെന്ന വ്യാജേന ജനവഞ്ചന നടത്തുന്ന സുരേഷ് ബാബു, സാമച്ചൻ, തങ്കു തുടങ്ങിയ കള്ളൻമാരെ ഞാൻ വിമർശിച്ചിട്ടുണ്ട്. ഇനിയും വിമർശിക്കും.

? ബാലൻ ദൈവദാസനാണെങ്കിൽ കൃപാവരങ്ങൾ ഇല്ലാത്തതെന്ത്?

■ പ്രവചനം, രോഗശാന്തി തുടങ്ങിയവ മാത്രമാണ് കൃപാവരമെന്ന് ധരിച്ചാണ് ഈ ചോദ്യമെന്ന് തോന്നുന്നു. ഇരുപതിൽ അധികം കൃപാവരങ്ങളേക്കുറിച്ച് ദൈവവചനത്തിൽ പറയുന്നുണ്ട്. വിവേചനവരം ഉൾപ്പെടെ അവയിൽ ചിലത് ദൈവം എനിക്ക് നൽകിയിട്ടുമുണ്ട്. എല്ലാ വർക്കും എല്ലാ കൃപാവരവും ലഭിച്ചേ മതിയാകൂ എന്നില്ല.

# ഞങ്ങൾ എങ്ങനെ കുറ്റവാളികളായി?

(5-ാം പേജിൽ നിന്ന്.....)

അനുവദിച്ചുകൊണ്ട് എസ്.പി. നൽകിയ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് ഹാജരാക്കി. അതിൽ 15-5-2002 എന്ന തീയതി തിരുത്തി 15-3-2002 എന്നാക്കിയിരുന്നു. തീയതി തിരുത്തി എന്ന് ഒറ്റ നോട്ടത്തിൽ തന്നെ വ്യക്തമാകുകയും ചെയ്യും. കത്തിന്റെ ഒറിജിനൽ എവിടെ? അതിന് വ്യക്തമായ ഉത്തരം പറഞ്ഞുമില്ല.

ഇത്ര ബുദ്ധിമുട്ടു സഹിച്ച് ശ്രീജുവിനെ ഉപയോഗിക്കുന്നതെന്തിന്? പറഞ്ഞല്ലോ, ശ്രീജുവിന്റെ സഹായമില്ലാതെ ബാലനെ കുരുക്കാൻ പറ്റില്ല. ഉച്ചവരെ ശ്രീജു കമ്പ്യൂട്ടർ പരിശോധിച്ചിട്ടും ഒരു തെളിവും കിട്ടിയില്ല. ഉച്ച കഴിഞ്ഞ് കുറെ സമയം ഒറ്റക്കിരുന്ന് പരിശോധിച്ചു. അപ്പോൾ എന്താണ് നടന്നത്? അത് ശ്രീജു തുറന്ന് പറയുകയില്ലല്ലോ. എങ്കിലും ശ്രീജു വിസ്താരത്തിനിടയിൽ, അബദ്ധത്തിൽ, സത്യം പറഞ്ഞു. ശ്രീജു കൊണ്ടുവന്ന സി.ഡി. എന്റെ കമ്പ്യൂട്ടറിൽ ഇട്ടു എന്നാണ് ശ്രീജു പറഞ്ഞത്. ശ്രീജു കൊണ്ടുവന്ന ഒരു സി.ഡി. എന്റെ കമ്പ്യൂട്ടറിൽ ഇട്ടാൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് കമ്പ്യൂട്ടർ അറിയാവുന്നവരോട് വിശേഷിച്ച് പറയേണ്ട കാര്യമില്ല. (കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവരോട് പറഞ്ഞിട്ട് പ്രയോജനവുമില്ല). എന്റെ കമ്പ്യൂട്ടറിൽ നിന്ന് എന്തൊക്കെയോ അശ്ലീല ചിത്രങ്ങളും കേസ്സിന് ആധാരമായ രേഖകളും പിടിച്ചു എന്നു പോലീസ് പറയുന്നതിന്റെ പിന്നിലെ രഹസ്യം ഇതാണ്. ഇത്ര വലിയ ചതി ഇതിന്റെ പിന്നിൽ നടന്നു എന്ന് ഞാൻ മനസ്സിലാക്കിയത് കുറ്റപത്രം കണ്ടതിനുശേഷമാണ്.

ഞങ്ങളുടെ വീട്ടിൽ നിന്നും കമ്പ്യൂട്ടർ സീല് ചെയ്യാതെയാണ് കൊണ്ടുപോയത്. എങ്കിലും സീല് വെച്ചിരുന്നു എന്ന് പോലീസ് പറയുന്നു. അവരുടെ വാദം ശരിയാണെങ്കിൽ സി.ആർ.പി.സിയിൽ പറയുന്ന നടപടിക്രമങ്ങൾ പാലിക്കാതിരുന്നതെന്ത്? സീല് വെച്ചതിന് ഒരു സാക്ഷിയേപ്പോലും ഹാജരാക്കാതിരുന്നതെന്തുകൊണ്ട്?

സീല് വെച്ചു എന്ന് ഒരു വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രശ്നം തീരുന്നില്ല. ഒരാഴ്ച കഴിഞ്ഞ് പോലീസ് ഈ സീല് പൊട്ടിച്ചെന്നും പോലീസിലെ ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധനെക്കൊണ്ട് കമ്പ്യൂട്ടർ പരിശോധിപ്പിച്ചെന്നും കുറ്റപത്രത്തിൽ പറയുന്നു. പ്രതികളുടേയോ കോടതിയുടേയോ അറിവും സമ്മതവും കൂടാതെ സീല് തുറന്നതിനാൽ സീല് വെച്ചു എന്ന വാദത്തിനുതന്നെ പ്രസക്തിയില്ലാതായി. പോലീസിലെ കമ്പ്യൂട്ടർ എക്സ്പേർട്ട് എന്റെ കമ്പ്യൂട്ടർ പരിശോധിച്ചപ്പോൾ കുറ്റകരമായ എന്തൊക്കെയോ കണ്ടു എന്ന് പോലീസ് പറയുന്നു. ശരിയായിരിക്കാം. അതിന് ഒരാഴ്ച മുൻപ് ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനായ ശ്രീജു എന്റെ കമ്പ്യൂട്ടറിൽ സി.ഡി. ഇട്ടിരുന്നല്ലോ. ബാലന്റെ കമ്പ്യൂട്ടറിൽ നിന്ന് തെളിവു ലഭിച്ചു എന്നും മറ്റും പത്രത്തിൽ വാർത്ത വന്നതിന്റെ ഗുട്ടൻസ് ഇതാണ്.

ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർ ബാലനെതിരെ തെളിവ് കൊടുത്തു എന്നും പത്രവാർത്ത ഉണ്ടായിരുന്നു. എന്താണ് അവർ കൊടുത്ത തെളിവ്? പെരുമ്പാവൂർ എക്സ്ചേഞ്ചിലെ 592249 എന്ന നമ്പർ ഞങ്ങളുടേതാണെന്നും ഈ നമ്പറിൽ നിന്ന് പലപ്പോഴും സിഫിയുടെ ഇന്റർനെറ്റ് ഉപയോഗിച്ചിട്ടുണ്ടെന്നുമാണ് അവർ പറഞ്ഞത്. ഇത് തികച്ചും ശരിയാണ്. പക്ഷേ ഞങ്ങൾ വ്യാജ ഈമെയിൽ അയച്ചെന്ന് അവർ പറഞ്ഞില്ല. ഇന്റർനെറ്റിലൂടെ എന്താണ് അയക്കുന്നതെന്ന് ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർക്ക് അറിയാൻ സാധിക്കയുമില്ലല്ലോ.

മദ്രാസിൽ നിന്നും സിഫിയുടെ ആൾക്കാർ എത്തി ഞങ്ങൾക്കെതിരെ തെളിവ് നൽകി എന്നും പത്രത്തിലുണ്ടായിരുന്നു. പത്രത്തിലെ വാർത്ത അനുസരിച്ച് എനിക്ക് 56 വയസ്സും അനീഷിന് 27 വയസ്സുമുണ്ട്. കഴിഞ്ഞ നവംബറിലാണ് എനിക്ക് 50 വയസ്സ് തികഞ്ഞത്. അനീഷ് എന്റെ രണ്ടാമത്തെ മകനാണ്. യഥാർത്ഥ വയസ്സ് 24. ഞാൻ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനായിരുന്നെന്നും അവിടെ നിന്ന് എന്നെ പിരിച്ചുവിട്ടപ്പോൾ ശാരോനിൽ ചേർന്നെന്നും ഒരു ദേശീയ ഇംഗ്ലീഷ് പത്രത്തിൽ കണ്ടു. ശാരോനിൽ നിന്ന് എന്നെ പണ്ടേ പുറത്താക്കിയതായിരുന്നു എന്ന് മിക്ക മലയാളം പത്രങ്ങളിലും വായിച്ചു. ബാലനും മകനും പാസ്റ്ററായിരുന്നു എന്ന് ഒരു മാസികയും പറയുന്നു. ഞാൻ ടി.എസ്. ഏബ്രഹാമിനെ ആദ്യമായി കാണുന്നത് അദ്ദേഹം കോടതിയിൽ സാക്ഷി പറയാൻ വന്നപ്പോഴാണ്. മൂപ്പതിലേറെ വർഷങ്ങളായി ഞാൻ ശാരോനിലെ അംഗമാണ്. 1994 മുതൽ 2001 വരെ സഭാ ശുശ്രൂഷകനുമായിരുന്നു. ഡോക്ട്രേറ്റിനു പഠിക്കാനായി ഞാൻ പാസ്റ്റർ ജോലിയിൽ നിന്ന് 2001ൽ അവധിയെടുത്തു. കേസ്സ് ഉണ്ടായത് 2002ൽ ആണ്. അവധിയിലിരുന്ന എന്നെ സസ്പെന്റ് ചെയ്യുന്നതായി അറിയിച്ചുകൊണ്ട് ശാരോനിൽ നിന്ന് എനിക്കൊരു കത്ത് ലഭിച്ചിരുന്നു. എന്നെ ശാരോനിൽ നിന്ന് പുറത്താക്കാൻ അവർ ആലോചിക്കയും ചെയ്തിരുന്നു. എന്നാൽ ഈ വിവരം അറിഞ്ഞയുടൻ ഞാൻ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഒരു കേസ്സ് കൊടുത്തു. അതോടെ പുറത്താക്കൽ പദ്ധതി പൊളിഞ്ഞു. അതുകൊണ്ട് ഞാൻ ഇപ്പോഴും പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗമാണ്. സംശയമുള്ളവർ ഞങ്ങളുടെ പാസ്റ്ററായ ഏബ്രഹാം ജോസഫിനോട് ചോദിക്കുക.
Ph: 0484-2527020.

സത്യം അറിയാൻ ആഗ്രഹിക്കുന്ന ഏവരോടും എനിക്കു പറയാനുള്ളത് ഇതാണ്: സൈബർ കേസ്സിൽ ഞാനും എന്റെ മകനും നിരപരാധികളാണ്. ഇന്ത്യൻ തെളിവു നിയമം അനുസരിച്ച് സ്വീകാര്യമായ ഒരു തെളിവും ഞങ്ങൾക്കെതിരെ ഹാജരാക്കുവാൻ പ്രോസിക്യൂഷന് കഴിഞ്ഞിട്ടില്ല. തെളിവുകൾ എന്ന പേരിൽ ഹാജരാക്കിയതെല്ലാം കെട്ടിച്ചമച്ച തെളിവുകളാണ്. ഇതെല്ലാം ഞങ്ങൾ വിശദമായി കോടതിയിൽ പറയുകയും എഴുതി കൊടുക്കുകയും ചെയ്തു. എന്നിട്ടും ഞങ്ങൾ ശിക്ഷിക്കപ്പെട്ടു. എന്തുകൊണ്ട്? കോടതി ഉത്തരവുകളെ പരസ്യമായി വിമർശിക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് ഈ ചോദ്യത്തിന് മറുപടിപറയുന്നില്ല.

**100 പ്രസംഗങ്ങൾ ഇപ്പോൾ ബുക്ക് ചെയ്യാം**

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ജൂലൈ 31.
മുഖവില: 1000 രൂപ.
ഇപ്പോൾ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

**പ്രഭാതധ്യാനം**

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.

വിലാസം:
റ്റി.എസ്.ബാലൻ,
ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542
ഫോൺ: 0484-3232356, 9447414608

# പ്രായോഗിക പ്രശ്നങ്ങൾ

**?** മറ്റുള്ളവരെ അവഹേളിച്ചിട്ട് എങ്ങനെയാണ് ബാലന് ഉറങ്ങാൻ കഴിയുക? മനസ്സാക്ഷിക്കുത്തില്ലേ?

■ ദൈവസഭയിൽ കടന്നുകയറിയിരിക്കുന്ന കള്ളൻമാർക്കെതിരെ പോരാടുക എന്നത് ദൈവം എന്നെ ഏല്പിച്ച ജോലിയാണ്. അത് ചെയ്യുന്നതിൽ മനസ്സാക്ഷിക്കുത്ത് അശ്ശേഷമില്ല. ദൈവം ഏല്പിച്ച ജോലി നന്നായി ചെയ്തുകഴിഞ്ഞാൽ സുഖമായി ഉറങ്ങാം. കഴിഞ്ഞ പത്തു വർഷമായി ഞാൻ പ്രമേഹരോഗിയാണെങ്കിലും രക്തസമ്മർദ്ദം അശ്ശേഷമില്ല. സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം അനുഭവിക്കുന്നതുകൊണ്ട് ടെൻഷൻ അല്പം പോലുമില്ല എന്നതുതന്നെ കാരണം.

**?** എന്തിനാണ് ബാലൻ ഇങ്ങനെ മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കുന്നത്? മറ്റുള്ളവർ തന്നേക്കുറിച്ച് നല്ലവാക്ക് പറയണമെന്ന് ബാലന് ആഗ്രഹമില്ലേ?

■ കള്ളൻമാരും വിവരദോഷികളും എന്നേക്കുറിച്ച് നല്ലവാക്ക് പറയണമെന്ന് എനിക്ക് ആഗ്രഹമില്ല. സത്യത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ഭോഷ്ക്കിന്റെ പുത്രൻമാർ എന്നെ വെറുക്കും. അത് ഞാൻ അവഗണിക്കുന്നു. ദൈവപ്രീതി മാത്രമാണ് ഞാൻ ലക്ഷ്യമിടുന്നത്.

**?** ഇത്രയും കാലത്തെ ജീവിതംകൊണ്ട് ആരെയെങ്കിലും ക്രിസ്തുവിലേക്ക് നടത്താൻ ബാലന് കഴിഞ്ഞിട്ടുണ്ടോ?

■ മിക്കവരുടേയും വിചാരം ഞാൻ സകല ദൈവദാസൻമാരേയും അവഹേളിച്ചും അനാവശ്യ കോലാഹലങ്ങളുണ്ടാക്കിയും സമയം പാഴാക്കുകയാണ് എന്നത്രേ. പക്ഷേ സത്യം അതല്ല. മാസത്തിൽ നാലോ അഞ്ചോ ദിവസം മാത്രമാണ് ഡിഫെൻഡറിനുവേണ്ടി ഞാൻ മാറ്റി വെയ്ക്കുന്നത്. മറ്റു സമയം മുഴുവൻ സുവിശേഷീകരണത്തിനായി പ്രവർത്തിക്കുന്നു. നൂറുകണക്കിന് ആളുകളെ ക്രിസ്തുവിങ്കലേക്ക് നടത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അവരിൽ പലരും ഇന്ന് സുവിശേഷവേല ചെയ്യുന്നുമുണ്ട്.

**?** ഇത്രയും കാലം എഴുതിയിട്ടും ഈ നേതാക്കൻമാർ മാനസാന്തരപ്പെട്ടിട്ടില്ലല്ലോ. ഇനി ഈ പണി നിർത്തരുതോ?

■ നേതാക്കൻമാരെ മാനസാന്തരപ്പെടുത്താനല്ല ഈ കള്ളൻമാരേക്കുറിച്ച് പൊതുജനത്തിന് മുന്നറിയിപ്പ് കൊടുക്കാനാണ് ഡിഫെൻഡർ ഇറക്കുന്നത്. സാത്താൻ മാനസാന്തരപ്പെട്ടാലും ഈ നേതാക്കൻമാർ മാനസാന്തരപ്പെടില്ല. എങ്കിലും ഞാൻ മരിക്കുന്നതുവരെ ഡിഫെൻഡർ പ്രസിദ്ധീകരിക്കും.

**?** തെറ്റു ചെയ്യുന്നവരെ ഇങ്ങനെ പരസ്യമായി അവഹേളിക്കാതെ അവരെ നേരിൽ കണ്ട് സംസാരിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കയല്ലേ നല്ലത്?

■ തീർച്ചയായും അതാണ് ശരിയായ വഴി. പക്ഷേ നേരിൽ സംസാരിച്ചോ കത്തയച്ചോ പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ എന്തുചെയ്യും? മറ്റൊരു പോംവഴിയും ഇല്ലാതെ വരുമ്പോഴാണ് ഞാൻ ഈ കള്ളൻമാരേക്കുറിച്ച് ഡിഫെൻഡറിൽ എഴുതുന്നത്.

**?** ഇങ്ങനെയൊക്കെ എഴുതാൻ ബാലന് ഭയമില്ലേ?

■ ഭയം എന്ന വാക്ക് എന്റെ നിഘണ്ടുവിലില്ല. ദൈവത്തെ ഭയപ്പെടുകയും അനുസരിക്കുകയും ചെയ്യുന്നവന് പിശാചിനെ ഭയപ്പെടേണ്ട ആവശ്യമില്ല. ഏറെ മോഹങ്ങളൊന്നും എനിക്കില്ല. നഷ്ടപ്പെടാനും ഏറെയില്ല. ഏത്ര വലിയ കഷ്ടം സഹിക്കാനും ഞാൻ തയ്യാർ. അതുകൊണ്ട് ഭയം തീരെയില്ല.

**?** ബാലനെ ആരെങ്കിലും നേരിട്ട് ആക്രമിച്ചിട്ടുണ്ടോ?

■ ഇല്ല. കത്തിലൂടെയും ഫോണിലൂടെയും ഭീഷണി മുഴക്കിയിട്ടുണ്ട്.

**?** ഡോക്ട്രേറ്റിനെ ബാലൻ ഇത്ര കഠിനമായി വിമർശിക്കുന്നതെന്തുകൊണ്ട്?

■ ഡോക്ട്രേറ്റിനെ ഞാൻ ഒരിക്കലും വിമർശിച്ചിട്ടില്ല. പഠിച്ച് ഡോക്ട്രേറ്റ് എടുക്കുന്നത് നല്ല കാര്യമാണ്. ഇങ്ങനെ ഡോക്ട്രേറ്റ് എടുത്തവരെ ഞാൻ അഭിനന്ദിച്ചിട്ടുമുണ്ട്. പക്ഷേ വ്യാജ ഡോക്ട്രേറ്റുകളെ ഞാൻ എതിർക്കുന്നു. പെന്തക്കോസ്തിലെ ഡോക്ടർമാരിൽ ഭൂരിപക്ഷവും ഇത്തരം ചുമ്മാഡോകളാണ്. ഈ കള്ളൻമാരെ ഞാൻ വിമർശിക്കുന്നു.

**?** മറ്റുള്ളവരുടെ കുറ്റം മാത്രം പറയാതെ ആത്മീകവർദ്ധനയ്ക്കുള്ളതുകൂടി എഴുതണം.

■ എഴുതുന്നുണ്ടല്ലോ. ഡിഫെൻഡറിന്റെ പകുതിയിൽ അധികം പേജുകൾ ആത്മീകവർദ്ധനയ്ക്കുള്ള കാര്യങ്ങൾക്കായി മാറ്റിവെച്ചിരിക്കയാണ്.

**?** ഡിഫെൻഡർ നിന്നുപോകാൻ വേണ്ടി ഞങ്ങൾ ഉപവസിക്കുകയാണ്.

■ ഉപവസിച്ചുകൊള്ളൂ. നിങ്ങളുടെ ദൈവത്തിന് ഡിഫെൻഡർ നിർത്തിക്കാൻ കഴിവുണ്ടോ എന്ന് നോക്കാം.

**?** ദൈവദാസൻമാർ പണം സമ്പാദിക്കുന്നത് തെറ്റാണോ?

■ അല്ല. ജോലി ചെയ്തോ ബിസിനസ്സ് നടത്തിയോ നിയമാനുസൃതമായ മറ്റ് ഏതെങ്കിലും വഴിയിലൂടെയോ പണം ഉണ്ടാക്കുന്നത് തെറ്റല്ല. പക്ഷേ വ്യാജമാർഗ്ഗങ്ങളിലൂടെ പണമുണ്ടാക്കുന്നതും ദൈവവേലയ്ക്ക് ലഭിക്കുന്ന പണം സ്വന്തം പോക്കറ്റിലാക്കുന്നതും അംഗീകരിക്കാനാവില്ല. മാത്രമല്ല, ദ്രവ്യം ഉണ്ടാകുന്നതോ ഉണ്ടാക്കുന്നതോ പാപമല്ലെങ്കിലും ദ്രവ്യാഗ്രഹം കൊടിയ പാപമാണ്.

**?** ഇങ്ങനെയൊക്കെ എഴുതിയാൽ ബാലന്റെ സന്തതിക്കുപോലും ഗുണം പിടിക്കില്ല.

■ വ്യാജൻമാർക്കെതിരെ എഴുതിയതിന് എന്നെ ശിക്ഷിക്കുന്ന ഒരു ദൈവമുണ്ടെങ്കിൽ ആ കള്ളദൈവത്തെ എനിക്കുവേണ്ട. ഞാൻ സേവിച്ചുവരുന്ന ദൈവം എന്നേയും എന്റെ മക്കളേയും പരിപാലിച്ചുകൊള്ളും.

**?** നിങ്ങൾക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് അവരോട് നേരിട്ടു പറഞ്ഞ് തീർക്കുകയല്ലേ വേണ്ടത്? അവരേക്കുറിച്ച് പരസ്യമായി എഴുതുന്നത് ശരിയാണോ?

■ നമുക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് അവരുമായി പറഞ്ഞു തീർക്കുകയാണ് വേണ്ടത്. വിരോധം തീർക്കാനായി ഞാൻ ആർക്കെതിരേയും ഇതുവരെ എഴുതിയിട്ടില്ല, എഴുതുകയുമില്ല.

**?** ഇവരൊക്കെ തെറ്റുകാരാണെങ്കിൽ മറ്റു പത്രക്കാർ ഇവരേക്കുറിച്ച് എന്തുകൊണ്ട് എഴുതുന്നില്ല? ബാലനു മാത്രം എന്താണ് ഇത്ര ആത്മഭാരം?

■ വിശുദ്ധൻമാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനായി പോരാടുകയാണ് ഡിഫെൻഡർ ചെയ്യുന്നത്. അതുകൊണ്ട് മുഖപക്ഷമില്ലാതെ വിമർശിക്കാൻ ഡിഫെൻഡർ തയ്യാറാകുന്നു. ഈ ലക്ഷ്യത്തോടെ പ്രസിദ്ധീകരിക്കുന്ന മറ്റൊരു പത്രവും മലയാളത്തിൽ ഉള്ളതായി അറിവില്ല.

**?** ബാലൻ എന്തുകൊണ്ടാണ് ഒറ്റയ്ക്കു നിന്ന് പോരാടുന്നത്? സമാന ചിന്താഗതിക്കാരുമായി സഹകരിച്ച് പ്രവർത്തിച്ചുകൂടേ?

■ പലർ കൂടുന്നിടത്ത് പാമ്പ് ചാകുകയില്ല എന്ന് കേട്ടിട്ടില്ലേ? കൂട്ട് കൂടാതെ, ഒറ്റയ്ക്കു നിന്ന് പോരാടിയതുകൊണ്ട് ഇന്നും നിലനിൽക്കുന്നു. കൂട്ട് കൂടിയിരുന്നെങ്കിൽ ഒന്നോ രണ്ടോ വർഷത്തിനകം ഡിഫെൻഡർ പൂട്ടിക്കെട്ടുമായിരുന്നു. പ്രജാപതിയെ സംരക്ഷിക്കാൻ ദേവും കൂട്ടരും ക്രൈസ്തവ വേദാന്തവേദി ഉണ്ടാക്കിയിട്ടെന്തായി? രണ്ടോ മൂന്നോ മീറ്റിംഗുകൾ നടത്തിയിട്ട് വേദാന്തവേദി അന്ത്യശ്വാസം വലിച്ചു. ഇതുപോലൊരു സംഘടന ഉണ്ടാക്കാൻ അക്കാലത്ത് പലരും എന്നെ നിർബ്ബന്ധിച്ചതാണ്. അത്തരമൊരു അബദ്ധം എനിക്ക് പറ്റിയില്ല.

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# ഉത്തരമില്ലാത്ത ചോദ്യങ്ങൾ

**?** എന്തൊക്കെയോ കൃത്രിമങ്ങൾ നടത്തി വ്യാജ തെളിവുകൾ ചമച്ചാണ് റ്റി.എസ്.ബാലനേയും മകനേയും ഇന്റർനെറ്റ് കേസ്സിൽ പ്രതിയാക്കിയത് എന്ന് കേട്ടു. അതിന്റെ വിശദാംശങ്ങൾ പറയാമോ?

■ കേട്ടത് ശരിയാണ്. കൃത്രിമങ്ങൾ നടത്തിയാണ് ഞങ്ങളെ പ്രതികളാക്കിയതെന്ന് താഴെ പറയുന്ന വസ്തുതകൾ വ്യക്തമാക്കുന്നു.

1. മാത്യു വർഗീസും അയാളുടെ കീഴിൽ ജോലി ചെയ്യുന്ന ചിലരും ചേർന്ന് കുറ്റം ചെയ്തു എന്നാണ് എഫ്.ഐ.ആറിൽ ഉള്ളത്. എന്നിട്ടും മാത്യു വർഗീസിന്റെ മൊഴി ഒരിടത്തും കാണാനില്ല. അയാളോടൊപ്പം ജോലി ചെയ്യുന്നവർ ആരെന്ന് അന്വേഷിച്ചുപോലുമില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കോടതിയിൽ സമ്മതിക്കുന്നുമുണ്ട്.
2. കെ.ഇ.ഏബ്രഹാം ഫൗണ്ടേഷനിൽ ജോലി ചെയ്യുന്ന ശ്രീജു പി. ശ്രീധർ പ്രിന്റ് ചെയ്ത് കൊടുത്ത ഈമെയിലുകളുടെ ഒറിജിനൽ കമ്പ്യൂട്ടറിൽ കാണാൻ ഡി.വൈ.എസ്.പി. ശ്രമിച്ചില്ല. എന്തുകൊണ്ട്?
3. പോലീസിൽ നിരവധി കമ്പ്യൂട്ടർ വിദഗ്ദ്ധർ ഉണ്ടെങ്കിലും കേസ്സ് അന്വേഷണത്തിന് ശ്രീജുവിന്റെ സഹായം അത്യന്താപേക്ഷിതമാണെന്ന് ഡി.വൈ.എസ്.പി. തീരുമാനിച്ചതിന്റെ രഹസ്യമെന്ത്? ശ്രീജുവിനെ ഉപയോഗിക്കാൻ അനുവാദം കിട്ടുന്നതിനു മുൻപ്, (ഏപ്രിൽ 22ന്) ശ്രീജുവുമായി വന്ന് എന്റെ കമ്പ്യൂട്ടർ എന്തിനു പരിശോധിച്ചു? മെയ് 15ന് അനുവാദം കിട്ടിയപ്പോൾ തീയതി മാർച്ച് 15 എന്ന് പോലീസ് തിരുത്തിയതെന്തിന്? ശ്രീജു കൊണ്ടുവന്ന സി.ഡിയും ഫ്ളോപ്പിയും എന്റെ കമ്പ്യൂട്ടറിൽ ഇടാൻ ഡി.വൈ.എസ്.പി. അവസരം ഒരുക്കിയതെന്തിന്?
4. എന്റെ കമ്പ്യൂട്ടർ സീല് ചെയ്യാതെ എടുത്തുകൊണ്ടുപോയതെന്തിന്? പിന്നീട് എപ്പോഴോ സീല് ചെയ്യുകയും ആ സീല് വീണ്ടും പൊട്ടിക്കയും കമ്പ്യൂട്ടർ പരിശോധിച്ചശേഷം സീല് വയ്ക്കുകയും ചെയ്തതിന് എന്തു ന്യായീകരണമാണുള്ളത്?
5. ഈമെയിൽ പ്രിന്റുകളുടെ ഒറിജിനലോ ഫോട്ടോകോപ്പിയോ സിഫിക്ക് അയച്ചു കൊടുക്കാതിരുന്നതെന്തുകൊണ്ട്? ഐ.പി. അഡ്രസ്സ് മാത്രം അയച്ചതെന്തുകൊണ്ട്? അതിൽ ഫെബ്രുവരി 30 എന്നൊരു തീയതി വന്നതെങ്ങനെ?
6. 2001 നവംബർ മുതൽ വ്യാജ ഈമെയിലുകൾ പ്രചരിച്ചിട്ടും 2002 ജനുവരി 18 മുതൽ ഫെബ്രുവരി 25 വരെ മാത്രമുള്ള ഈമെയിലുകൾ ആധാരമാക്കി അന്വേഷണം നടത്തിയതെന്തുകൊണ്ട്? ജനുവരി 18ന് മുൻപ് ഈമെയിൽ അയച്ചതാര്? ഫെബ്രുവരി 25 കഴിഞ്ഞ് ആരും വ്യാജ ഈമെയിൽ അയച്ചില്ലേ? പി.7 ഈമെയിൽ പ്രതികൾ അയച്ചതല്ല എന്ന് പോലീസ് പറയുന്നു. അത് ആരാണ് അയച്ചത് എന്ന് അന്വേഷിക്കാതിരുന്നതെന്തുകൊണ്ട്?
7. ജാമ്യത്തിൽ ആയിരിക്കുമ്പോൾ അനീഷിനെ കോടതിയുടെ അറിവും സമ്മതവും കൂടാതെ വീണ്ടും കസ്റ്റഡിയിൽ എടുത്തതെന്തിന്? വീട്ടിൽ നിന്നും 40 കിലോമീറ്റർ അകലെ ഇറക്കിവിട്ടതെന്തുകൊണ്ട്?
8. കോടതി ഉത്തരവ് ലംഘിച്ച് ടി.എസ്. ബാലനെ 2002 മെയ് 17ന് അറസ്റ്റ് ചെയ്തതെന്തിന്? മെയ് 17 അറസ്റ്റ് ചെയ്തിട്ട് 18ന് അറസ്റ്റ് ചെയ്തു എന്ന് രേഖയുണ്ടാക്കിയതെന്തിന്?
9. 2002 മെയ് 28ന് പത്തനംതിട്ട പോപ്പുലർ കമ്പ്യൂട്ടേഴ്സിൽ നിന്നും 35 ഈമെയിൽ പ്രിന്റുകൾ എടുത്തു. അവയുടെ ആദ്യ പേജിൽ രണ്ടിടത്ത് ഉണ്ടായിരുന്ന തീയതികളിൽ ഒന്ന് തിരുത്തി 2002 മെയ് 21 എന്നാക്കി വ്യാജരേഖയുണ്ടാക്കിയത് ഏഴു വർഷം തടവ് കിട്ടാവുന്ന കുറ്റമല്ലേ? ഡി.വൈ.എസ്.പി. എന്തിന് ഇതു ചെയ്തു? ഈ വ്യാജരേഖ ഉണ്ടാക്കാൻ കൂട്ടുനിന്ന ശ്രീജിത്ത് എന്ന ജോലിക്കാരനെ സാക്ഷിയായി കോടതിയിൽ ഹാജരാക്കാതിരുന്നതെന്തുകൊണ്ട്?
10. കുറ്റപത്രത്തോടൊപ്പം കോടതിയിൽ കൊടുത്ത ഈമെയിൽ പ്രിന്റുകളിൽ നിന്നും വ്യത്യസ്ഥമായ പ്രിന്റുകൾ പ്രതികൾക്കു നൽകിയ കോപ്പിയിൽ വെച്ചതെന്തിന്?
11. സ്റ്റാർലാ ലൂക്ക് പ്രിന്റ് ചെയ്ത ഏഴാം ഈമെയിലിൽ ഒറിജിനൽ ഐ.പി. ഉണ്ട്. പക്ഷേ അത് പ്രതികളുടേതല്ല എന്ന് പ്രോസിക്യൂഷൻ സമ്മതിക്കുന്നു. ബാക്കിയുള്ള ഈമെയിലുകളിൽ ഒറിജിനൽ ഐ.പി. ഇല്ല. അതെങ്ങനെ സംഭവിച്ചു? ഐ.പി. ഇല്ലാതെ ഈമെയിൽ അയയ്ക്കുന്നതെങ്ങനെ?
12. പ്രതികൾ അയച്ചത് എന്ന് പോലീസ് പറയുന്ന ആറ് ഈമെയിലുകളിൽ ചിലത് mercy@xxx.com എന്ന വിലാസക്കാരനുള്ളതാണ്. അത് വൽസന് എങ്ങനെ കിട്ടി?
13. സിഫിയിൽ നിരവധി കമ്പ്യൂട്ടർ വിഗദ്ധരുണ്ട്. പക്ഷേ കമ്പ്യൂട്ടർ പഠിച്ചിട്ടില്ലാത്ത ഒരു മാനേജരേയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനേയും മാത്രം സിഫിയിൽ നിന്നുള്ള കമ്പ്യൂട്ടർ വിദഗ്ദ്ധരായി പ്രോസിക്യൂഷൻ അവതരിപ്പിച്ചതെന്തിന്?
14. ഈമെയിൽ പ്രിന്റുകൾ എടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഐ.റ്റി. ആക്ടിലും എവിഡൻസ് ആക്ടിലും വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും അവയെല്ലാം അവഗണിച്ചുകൊണ്ട് നിയമവിരുദ്ധമായി ഈമെയിലുകൾ പ്രിന്റ് ചെയ്തതെന്തിന്? (മറുപടിയില്ല).

# ബ്യൂട്ടി പാർലറും ടി. എസ്. ഏബ്രഹാമും

ബ്യൂട്ടി പാർലറും ടി.എസ്.ഏബ്രഹാമും തമ്മിൽ എന്താണ് ബന്ധം? ഇപ്പോൾ ഒരു ബന്ധവും ഇല്ല എന്നത് ശരിതന്നെ. പക്ഷേ അല്പം ബന്ധം ഉണ്ടാകാനുള്ള എല്ലാ സാഹചര്യവും ഒത്തു വന്നതാണ്. അവസാനം നിമിഷം എല്ലാം പാളി. സംഭവം ഇങ്ങനെ:

കുമ്പനാടിന് സമീപമുള്ള ഒരു ബ്യൂട്ടി പാർലർ ഉദ്ഘാടനം ചെയ്യാൻ ടി.എസ്.ഏബ്രഹാമിന് ക്ഷണം ലഭിച്ചു. വിശേഷിച്ച് പണി ഒന്നും ഇല്ലാതിരിക്കുന്ന ടി.എസ്.ഏബ്രഹാം ക്ഷണം സ്വീകരിച്ചു. അങ്ങനെ കാര്യങ്ങൾ പുരോഗമിക്കുമ്പോഴാണ് ആർക്കോ ബോധോദയം ഉണ്ടായത്. ടി.എസ്.ഏബ്രഹാം ബ്യൂട്ടി പാർലർ ഉദ്ഘാടനം ചെയ്താൽ അത് വിവാദമാകും. നിലവിളക്ക് നകൊളുത്തിയപ്പോൾ ഉണ്ടായ വിവാദാഗ്നി കെട്ടടങ്ങി വരുന്നതേയുള്ളൂ. അതിനിടയിൽ മറ്റൊരു വിവാദംകൂടി ഉണ്ടാകുന്നത് നന്നല്ല. അങ്ങനെ പരിപാടി ക്യാൻസലാക്കി. ഒന്നാംതരം ഒരു കോലാഹലത്തിനുള്ള അവസരം അങ്ങനെ ഇല്ലാതായി.

RNI No. 68089 / 97
2007 May 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# വിവരക്കേടുമായി ദേവ് വീണ്ടും രംഗത്ത്

ജെ.സി.ദേവ് എന്ന അവസരവാദി പാണ്ഡിത്യത്തിന്റെ വിഴുപ്പുഭാണ്ഡം വീണ്ടും തുറക്കുന്നു. ഇത്തവണ ജാലകത്തിലാണ് തൃക്കൈ വിളയാടുന്നത്.

വലിയ പണ്ഡിതനാണ് താൻ എന്ന് വരുത്തിത്തീർക്കാനുള്ള തത്രപ്പാടിനിടയിൽ ദേവ് ശുദ്ധ വിവരക്കേട് എഴുന്നെള്ളിക്കുക പതിവായിരുന്നു. വിവരംകെട്ടവർ അതൊക്കെ വലിയ വിജ്ഞാനമായി അംഗീകരിച്ച് ദേവിനെ പുകഴ്ത്തുകയും ചെയ്തിരുന്നു. അങ്ങനെയാണ് ദേവ് എന്ന കടലാസ് പുലി ഇക്കാലമത്രയും കഴിച്ചുകൂട്ടിയത്.

യുക്തിവാദികൾ, കമ്യൂണിസ്റ്റുകാർ എന്നിവരെ വർഗ്ഗശത്രുക്കളായി പെന്തക്കോസ്തുകാരും ബ്രദറുകാരും ഒക്കെ കണ്ടിരുന്ന കാലത്താണ് ദേവ് ഷൈൻ ചെയ്ത് നിന്നിരുന്നത്. പഴയ സ്ഥിതിയാണ് ഇപ്പോഴും ആത്മീയ ലോകത്തുള്ളത് എന്ന് കരുതി ദേവ് ജാലകത്തിൽ കമ്യൂണിസ്റ്റുകാർക്കും യുക്തിവാദികൾക്കും എതിരെ എഴുതി കൈയ്യടി വാങ്ങാൻ ശ്രമിക്കുന്നു. കമ്യൂണിസ്റ്റുകളും യുക്തിവാദികളും ജീവകാരുണ്യപ്രവൃത്തികൾ ചെയ്യാത്തതെന്ത് എന്നാണ് ദേവ് ചോദിക്കുന്നത്. ചോദ്യം ഒന്നാംതരമാണല്ലോ എന്ന് തോന്നുകയും ചെയ്യും. ഈശ്വരവിശ്വാസമുള്ളവർക്കേ ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യാൻ കഴിയൂ എന്നാണ് ദേവ് സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

കമ്യൂണിസ്റ്റുകാർ ജീവകാരുണ്യ പ്രവർത്തനം നടത്തുന്നില്ല എന്നതു ശരിതന്നെ. കോൺഗ്രസ്സുകാർ നടത്തുന്നുണ്ടോ? അവരും നടത്തുന്നില്ല. ഏതെങ്കിലും രാഷ്ട്രീയ കക്ഷി ജീവകാരുണ്യ പ്രവർത്തനം സ്ഥിരമായി നടത്തുന്നതായി അറിവില്ല. എന്തുകൊണ്ട്? രാഷ്ട്രീയ പാർട്ടികൾക്ക് രാഷ്ട്രീയ ലക്ഷ്യങ്ങളാണുള്ളത്. ജീവകാരുണ്യ പ്രവർത്തനവും മറ്റും രാഷ്ട്രീയ പാർട്ടികളുടെ പദ്ധതിയിൽ ഇല്ല. ദൈവവിശ്വാസവുമായി ബന്ധമുള്ള വിഷയമേയല്ല ഇത്. എങ്കിലും വിശ്വാസികളുടെ കൈയ്യടി വാങ്ങാൻ ഇത്തരം വിവരം കെട്ട ചോദ്യങ്ങൾ ഉപകരിക്കും.

ശാസ്ത്രീയ അടിത്തറ ഇല്ലാത്തതും യുക്തിക്ക് നിരക്കാത്തതുമായ വിശ്വാസാചാരങ്ങളെ എതിർക്കുക എന്നതാണ് യുക്തിവാദികളുടെ പ്രഖ്യാപിത ലക്ഷ്യം. ജീവകാരുണ്യ പ്രവർത്തനം അവരുടെ അജണ്ടയിലില്ല. അവരുടെ പ്രവർത്തന മേഖല മറ്റൊന്നാണ്. അവർക്ക് ദൈവവിശ്വാസമില്ലാത്തതുകൊണ്ട് ജീവകാരുണ്യ പ്രവർത്തനം നടത്താത്തതല്ല മറിച്ച് അവരുടെ ലക്ഷ്യം അതല്ലാത്തതുകൊണ്ട് അവർ ഇത്തരം കാര്യങ്ങളിൽ ഇടപെടാത്തതാണ്.

സാമൂഹ്യസേവനവും ജീവകരുണ്യ പ്രവർത്തനവും മറ്റും നടത്തുന്നവരെല്ലാം ദൈവവിശ്വാസികളാണെന്ന് ദേവ് ധരിച്ചുവെച്ചിരിക്കയാണ് എന്ന് തോന്നുന്നു. കിണറ്റിലെ തവളയേപ്പോലെ ഇരിക്കുന്നവർക്കു മാത്രമേ ഇത്ര വലിയ വിഡ്ഢിത്തങ്ങൾ പറയാൻ കഴിയൂ.

ദൈവം എന്നതുകൊണ്ട് ദേവ് അർത്ഥമാക്കുന്നത് എന്താണ്? ലോകത്ത് നിരവധി മതങ്ങളുണ്ട്. എല്ലാ മതങ്ങളും വിവിധതരം ദൈവങ്ങളിൽ വിശ്വസിക്കുന്നു. ഈ ദൈവങ്ങളെല്ലാം ഒന്നാണ് എന്നാണോ ദേവ് പറഞ്ഞുവരുന്നത്? അങ്ങനെയാണെങ്കിൽ അന്യദൈവം എന്നൊന്ന് ഇല്ലെന്നുവരും. ബൈബിളിലെ ത്രിയേക ദൈവം ഒഴികെയുള്ളതെല്ലാം അന്യദൈവമാണ് എന്ന് വീണ്ടും ജനനം പ്രാപിച്ച വിശ്വാസിക്ക് അംഗീകരിക്കാതെ പറ്റില്ല. അങ്ങനെയെങ്കിൽ അന്യദൈവത്തിൽ വിശ്വസിക്കുന്നവർക്കും ജീവകാരുണ്യപ്രവർത്തനം ചെയ്യാം എന്ന് വരുന്നു. അന്യദൈവമെന്നത് സാത്താന്റെ പര്യായമാണ്. ചുരുക്കത്തിൽ ദേവ് അന്യദൈവത്തിന് മഹത്വം കൊടുക്കുകയാണ്.

അവശസഖാക്കളെ ഓർത്ത് ദേവ് കണ്ണീരു പൊഴിക്കുന്നു. സഖാക്കൾ മാത്രമല്ല എല്ലാ രാഷ്ട്രീയ പാർട്ടികളിൽ ഉള്ളവരും അവശത അനുഭവിക്കുന്നുണ്ട്. എന്തിന് രാഷ്ട്രീയക്കാരെ കുറ്റം പറയുന്നു, വേർപെട്ട സഭകളിൽപ്പോലും ഇത്തരം പ്രശ്നങ്ങളില്ലേ? ഇതൊക്കെ കണ്ടില്ലെന്നു നടിച്ച് ദേവ് കമ്യൂണിസ്റ്റുകാരേയും യുക്തിവാദികളേയും പ്രതിക്കൂട്ടിൽ കയറ്റുന്നു. ദേവ് ഒരു കാര്യം മനസ്സിലാക്കണം: പണ്ടൊക്കെ ഇത്തരം വിഡ്ഢിത്തങ്ങൾ എഴുന്നെള്ളിച്ച് ദേവ് കൈയ്യടി വാങ്ങിയിട്ടുണ്ട്. ഇനി അത് നടപ്പില്ല. രാഷ്ട്രീയക്കാരെ തോല്പിക്കുന്ന വിധം കാലുമാറ്റം നടത്തുന്നത് സ്ഥിരം പരിപാടിയാക്കിയ ദേവിന് ഇനി ധാർമ്മികതയേക്കുറിച്ചോ മാന്യതയെക്കുറിച്ചോ വിശ്വാസ സത്യങ്ങളേക്കുറിച്ചോ പറയാൻ അവകാശമില്ല. വായടച്ച് വീട്ടിലിരുന്നാൽ കൂടുതൽ നാണക്കേടുണ്ടാകാതെ കഴിക്കാം. വിഡ്ഢിത്തം എഴുന്നെള്ളിക്കാനാണ് ഭാവമെങ്കിൽ ഡിഫെൻഡറിന് ജോലി ഭാരം കൂടും. ദേവ് നാണംകെടും.

## എം.എ.വർഗീസ് ശാപം പൊട്ടിക്കും

ശാപം പൊട്ടിക്കിട്ടാൻ ആഗ്രഹമുള്ളവർക്ക് ബാംഗ്ലൂരിലേക്ക് സ്വാഗതം. അത്യുഗ്രൻ ശാസ്ത്രജ്ഞനും ഡാക്കിട്ടറുമായ എം.എ.വർഗീസ് എല്ലാവിധ ശാപങ്ങളും പൊട്ടിക്കാൻ ഉപവാസം നടത്തുന്നു. പെന്തക്കോസ്തിലെ ഒട്ടേറെ തട്ടിപ്പുകാർ പ്രസംഗകരായി എത്തുന്നുമുണ്ട്. രോഗശാന്തി, ഭൂതശാന്തി, ആത്മവിവശത, സാക്ഷാൽ അവശത തുടങ്ങി പല വൈതരണികളും കടന്നാണ് ശാപം പൊട്ടിക്കൽ ശുശ്രൂഷയിൽ എത്തുന്നത്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടും പൊട്ടാത്ത ശാപങ്ങളാണ് സർവ്വശക്തനേക്കാൾ ശക്തനായ എം.എ.വർഗീസ് പൊട്ടിക്കുന്നത്. ഈ അവസരം സകല വിഡ്ഢികളും പ്രയോജനപ്പെടുത്തിയാൽ നന്ന്.


## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 **ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**
**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan